കേന്ദ്ര ഗവൺമെന്റ്

നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# THE ANCIENT MONUMENTS AND ARCHAEOLOGICAL SITES AND REMAINS ACT. 1958

(Act No. 24 of 1958)

# പുരാതന സ്മാരകങ്ങളും പുരാതത്ത്വീയ സ്ഥാനങ്ങളും അവശിഷ്ടങ്ങളും ആക്റ്റ്, 1958

(1958-ലെ 24-ാം നമ്പർ ആക്റ്റ്)

വില: Rs. 3·

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റു പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്
1983

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# THE ANCIENT MONUMENTS AND ARCHAEOLOGICAL SITES AND REMAINS ACT, 1958

(Act No. 24 of 1958)

# പുരാതന സ്മാരകങ്ങളും പുരാതത്ത്വീയ സ്ഥാനങ്ങളും അവശിഷ്ടങ്ങളും ആക്റ്റ്, 1958

(1958-ലെ 24-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്.
1983

3-10

# പുരാതന സ്മാരകങ്ങളും പുരാതത്ത്വീയ സ്ഥാനങ്ങളും അവശിഷ്ടങ്ങളും ആക്റ്റ്, 1958 (1958—ലെ 24—ാം നമ്പർ ആക്റ്റ്)

## വകുപ്പുകളുടെ വിന്യാസം

വകുപ്പുകൾ

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.
2. നിർവ്വചനങ്ങൾ

### ദേശീയ പ്രാധാന്യമുള്ള പുരാതന സ്മാരകങ്ങളും പുരാതത്ത്വീയ സ്ഥാനങ്ങളും അവശിഷ്ടങ്ങളും

3. ചില പുരാതന സ്മാരകങ്ങളും മററും ദേശീയ പ്രാധാന്യമുള്ളതായി കരുതപ്പെടണമെന്ന്
4. പുരാതന സ്മാരകങ്ങൾ മുതലായവ ദേശീയ പ്രാധാന്യമുള്ളവയായി പ്രഖ്യാപിക്കുവാൻ കേന്ദ്രഗവൺമെൻറിനുള്ള അധികാരം
5. സംരക്ഷിത സ്മാരകത്തിൽ അവകാശ ആർജ്ജനം
6. സംരക്ഷിത സ്മാരകത്തെ ഉടമ്പടിവഴി പരിപാലിക്കൽ
7. അപ്രാപ്തരോ കൈവശാവകാശമില്ലാത്തവരോ ആയ ഉടമസ്ഥൻമാർ
8. ഒരു സംരക്ഷിത സ്മാരകത്തിൻെറ കേടുപാടു തീർക്കുന്നതിന് എൻഡോമെൻറ് ഉപയോഗപ്പെടുത്തൽ
9. ഒരു ഉടമ്പടിയിൽ ഏർപ്പെടുന്നതിന് വിസമ്മതിക്കുകയോ, വീഴ്ച വരുത്തുകയോ ചെയ്യൽ
10. 6-ാം വകുപ്പുപ്രകാരമുള്ള ഉടമ്പടി ഉല്ലംഘിക്കുന്നത് തടഞ്ഞുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുവാനുള്ള അധികാരം.
11. ഉടമ്പടികൾ പ്രാബല്യത്തിൽ കൊണ്ടുവരൽ
12. ചില വിൽപ്പനകളിൽ വാങ്ങുന്നവരും, ഉടമസ്ഥനിലൂടെ അവകാശമുന്നയിക്കുന്നവരും ഉടമസ്ഥൻ ഒപ്പിട്ടു പൂർത്തീകരിച്ച പ്രമാണത്താൽ ബാദ്ധ്യസ്ഥരാകുമെന്ന്
13. സംരക്ഷിത സ്മാരകങ്ങളുടെ ആർജ്ജനം
14. സംരക്ഷണം ചെയ്യപ്പെട്ട ചില സ്മാരകങ്ങളുടെ പരിപാലനം
15. സ്വേച്ഛാനുസാരമായ സംഭാവനകൾ
16. ആരാധനാസ്ഥലത്തെ ദുരുപയോഗപ്പെടുത്തുകയോ, മലിനപ്പെടുത്തുകയോ, അശുദ്ധപ്പെടുത്തുകയോ ചെയ്യുന്നതിൽ നിന്നും സംരക്ഷണം
17. ഒരു സ്മാരകത്തിൽ ഗവൺമെൻറിൻെറ അവകാശങ്ങൾ ത്യജിക്കൽ
18. സംരക്ഷണം ചെയ്യപ്പെട്ട സ്മാരകങ്ങളിലേക്ക് പ്രവേശനത്തിനുള്ള അവകാശം

### സംരക്ഷണം ചെയ്യപ്പെട്ട പ്രദേശങ്ങൾ

19. സംരക്ഷണം ചെയ്യപ്പെട്ട പ്രദേശങ്ങളിലെ വസ്തു അനുഭവിക്കുന്നതിലുള്ള അവകാശത്തിൻമേൽ നിയന്ത്രണം
20. സംരക്ഷണം ചെയ്യപ്പെട്ട ഒരു പ്രദേശം ആർജ്ജിക്കുവാനുള്ള അധികാരം

## പുരാവസ്തു സംബന്ധമായ ഉൽഖനനം

21. സംരക്ഷണം ചെയ്യപ്പെട്ട പ്രദേശങ്ങളിലെ ഉൽഖനനം
22. സംരക്ഷണം ചെയ്യപ്പെട്ട പ്രദേശങ്ങളല്ലാത്ത പ്രദേശങ്ങളിലെ ഉൽഖനനം
23. ഉൽഖനന പ്രവർത്തനങ്ങൾക്കിടയിൽ കണ്ടെത്തുന്ന പൗരാണികാവശിഷ്ടങ്ങൾ, മുതലായവയുടെ നിർബന്ധിതമായ വാങ്ങൽ
24. പുരാവസ്തു സംബന്ധമായ ആവശ്യങ്ങൾക്കുള്ള ഉൽഖനനങ്ങൾ മുതലായവ

## പൗരാണികാവശിഷ്ടങ്ങളുടെ സംരക്ഷണം

25. പൗരാണികാവശിഷ്ടങ്ങൾ മാറ്റുന്നത് നിയന്ത്രിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിനുള്ള അധികാരം
26. പൗരാണികാവശിഷ്ടങ്ങൾ കേന്ദ്രഗവൺമെന്റു വാങ്ങുന്നത്

## പ്രതിഫലത്തിന്റെ തത്വങ്ങൾ

27. നഷ്ടത്തിനോ നാശനഷ്ടത്തിനോ ഉള്ള പ്രതിഫലം
28. പ്രതിഫലത്തിന്റെ കമ്പോള വില കണക്കാക്കൽ

## പലവക

29. അധികാരങ്ങളുടെ പ്രത്യായോജനം
30. ദണ്ഡനങ്ങൾ
31. കുറ്റങ്ങൾ വിചാരണ ചെയ്യുന്നതിനുള്ള അധികാരിത
32. ചില കുറ്റങ്ങൾ പോലീസിന് നേരിട്ട് എടുക്കാവുന്നത് ആയിരിക്കുമെന്ന്
33. പിഴ സംബന്ധിച്ച പ്രത്യേക വ്യവസ്ഥ
34. ഗവൺമെന്റിന് കിട്ടേണ്ട തുകകൾ വസൂലാക്കൽ
35. ദേശീയ പ്രാധാന്യമില്ലാതായിത്തീർന്ന പൗരാണിക സ്മാരകങ്ങൾ, മുതലായവ
36. പിശകുകൾ മുതലായവ തിരുത്തുന്നതിനുള്ള അധികാരം
37. ആക്റ്റിൻ കീഴിൽ എടുക്കപ്പെട്ട നടപടിക്ക് സംരക്ഷണം
38. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം
39. റദ്ദാക്കലുകളും ഒഴിവാക്കലുകളും

# പുരാതന സ്മാരകങ്ങളും പുരാതത്ത്വീയ സ്ഥാനങ്ങളും അവശിഷ്ടങ്ങളും ആക്റ്റ്, 1958

## (1958-ലെ 24-ാം നമ്പർ ആക്റ്റ്)

[1958, ആഗസ്റ്റ് 28.]

ദേശീയ പ്രാധാന്യമുള്ള പുരാതനവും ചരിത്രപരവുമായ സ്മാരകങ്ങളും പുരാതത്ത്വീയ സ്ഥാനങ്ങളും അവശിഷ്ടങ്ങളും പരിപാലിക്കുന്നതിനും, പുരാവസ്തു സംബന്ധമായ ഉത്ഖനനങ്ങൾ ക്രമപ്പെടുത്തുന്നതിനും, ശില്പങ്ങളും, കൊത്തുപണികളും, അതുപോലുള്ള മററു വസ്തുക്കളും സംരക്ഷിക്കുന്നതിനുമുള്ള ആക്റ്റ്.

ഇൻഡ്യാ റിപ്പബ്ലിക്കിന്റെ ഒൻപതാംസംവൽസരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു :—

### പ്രാരംഭികം

1. (1) ഈ ആക്റ്റിന് പുരാതന സ്മാരകങ്ങളും പുരാതത്ത്വീയ സ്ഥാനങ്ങളും അവശിഷ്ടങ്ങളും ആക്റ്റ്, 1958 എന്ന് പേർ പറയാവുന്നതാണ്. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും

(2) ഇത് ഇൻഡ്യാ മുഴുവൻ വ്യാപിക്കുന്നതാകുന്നു.

(3) ഇത് കേന്ദ്രഗവൺമെന്റ്, ഔദ്യോഗിക ഗസററിൽ, വിജ്ഞാപനംവഴി, നിശ്ചയിക്കാവുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാകുന്നു.

2. ഈ ആക്റ്റിൽ, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,— നിർവ്വചനങ്ങൾ

(ക) ''പുരാതന സ്മാരകം'' എന്നതിന് ചരിത്രപരമായോ പുരാവസ്തു പരമായോ കലാപരമായോ പ്രാധാന്യമുള്ളതും നൂറുവർഷത്തിൽ കുറയാതെ അസ്തിത്വമുള്ളതുമായ, ഏതെങ്കിലും എടുപ്പോ പണിപ്പാടോ സ്മാരകമോ, അല്ലെങ്കിൽ ഏതെങ്കിലും ശവക്കുഴിക്കൂനയോ, ശവമടക്കുന്ന സ്ഥലമോ അല്ലെങ്കിൽ ഏതെങ്കിലും ഗുഹയോ, ശിലാശില്പമോ, ശിലാശിഖിതമോ, ഏകശിലാസ്തംഭമോ എന്നർത്ഥമാകുന്നതും, അതിൽ—

(i) ഒരു പുരാതന സ്മാരകത്തിന്റെ അവശിഷ്ടങ്ങളും,

(ii) ഒരു പുരാതന സ്മാരകത്തിന്റെ സ്ഥാനവും,

(iii) പുരാതനമായ ഒരു സ്മാരകത്തിന്റെ സ്ഥാനത്തിന് തൊട്ടുകിടക്കുന്നതും അങ്ങനെയുള്ള സ്മാരകത്തിനു വേലി കെട്ടുന്നതിനോ, അത് കെട്ടി അടയ്ക്കുന്നതിനോ, അതിനെ മററുവിധത്തിൽ പരിപാലിക്കുന്നതിനോ ആവശ്യകമായേക്കാവുന്നതുമായ ഭൂമിയുടെ ഭാഗവും,

(iv) ഒരു പുരാതന സ്മാരകത്തിൽ പ്രവേശിക്കുന്നതിനും സൗകര്യമായ പരിശോധന നടത്തുന്നതിനും വേണ്ട മാർഗ്ഗവും

ഉൾപ്പെടുന്നതുമാകുന്നു.

(ഖ) ''പൗരാണികാവശിഷ്ടം'' എന്നതിൽ—നൂറു കൊല്ലത്തിൽ കുറയാതെ അസ്തിത്വമുള്ള,

(i) ഏതെങ്കിലും നാണയമോ, ശിൽപ്പമോ, കൈയെഴുത്തോ, തക്ഷിത ലേഖനമോ, മററ് കലാസൃഷ്ടിയോ അല്ലെങ്കിൽ കരകൗശല സൃഷ്ടിയോ,

(ii) ഒരു കെട്ടിടത്തിലോ ഗുഹയിലോ നിന്ന് വേർപെടുത്തിയ ഏതെങ്കിലും പദാർത്ഥമോ വസ്തുവോ സാധനമോ,

(iii) കഴിഞ്ഞ കാലങ്ങളിലെ ശാസ്ത്രമോ, കലയോ, കരകൗശല സൃഷ്ടികളോ, സാഹിത്യമോ, മതമോ, ആചാരങ്ങളോ, സദാചാരങ്ങളോ, രാഷ്ട്രമീമാംസയോ ചിത്രീകരിക്കുന്ന ഏതെങ്കിലും പദാർത്ഥമോ വസ്തുവോ, സാധനമോ,

(iv) ചരിത്ര പ്രാധാന്യമുള്ള ഏതെങ്കിലും പദാർത്ഥമോ, വസ്തുവോ, സാധനമോ,

(v) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്ക് ഒരു പൗരാണികാവശിഷ്ടമായി കേന്ദ്രഗവൺമെന്റ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി പ്രഖ്യാപിക്കുന്ന ഏതെങ്കിലും പദാർത്ഥമോ, വസ്തുവോ സാധനമോ

ഉൾപ്പെടുന്നതുമാകുന്നു ;

(ഗ) ''പുരാതത്ത്വീയ ഉദ്യോഗസ്ഥൻ'' എന്നാൽ ഇൻഡ്യാഗവൺമെന്റ് പുരാതത്ത്വീയ വകുപ്പിൽ പുരാവസ്തു അസിസ്ററന്റ് സൂപ്രണ്ടിന്റെ പദവിയിൽ താഴെയല്ലാത്ത ഒരുദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു ;

(ഘ) ''പുരാതത്ത്വീയ സ്ഥാനങ്ങളും അവശിഷ്ടങ്ങളും'' എന്നാൽ നൂറു വർഷത്തിൽ കുറയാതെ അസ്തിത്വമുള്ള ചരിത്രപരമോ പുരാവസ്തുപരമോ

ആയ പ്രാധാന്യമുള്ള അവശിഷ്ടങ്ങളോ സ്മാരകങ്ങളോ ഉള്ളതോ, ഉള്ളതായി ന്യായമായി വിശ്വസിക്കാവുന്നതോ ആയ ഏതെങ്കിലും പ്രദേശമെന്നർത്ഥമാകുന്നതും, അതിൽ —

(i) അതിന് വേലികെട്ടുന്നതിനോ, മറയ്ക്കുന്നതിനോ, അല്ലെങ്കിൽ മററുവിധത്തിൽ പരിപാലിക്കുന്നതിനോ ആവശ്യമായേക്കാവുന്ന, ആ പ്രദേശത്തിന് തൊട്ടു കിടക്കുന്ന ഭൂമിയുടെ ഭാഗവും,

(ii) ആ പ്രദേശത്ത് പ്രവേശിക്കുന്നതിനും സൗകര്യമായി പരിശോധന നടത്തുന്നതിനും ഉള്ള വഴിയും ഉൾപ്പെടുന്നതുമാകുന്നു ;

(ങ) "ഡയറക്ററർ—ജനറൽ" എന്നാൽ പുരാവസ്തുവിന്റെ ഡയറക്ററർ ജനറൽ എന്നർത്ഥമാകുന്നതും, അതിൽ ഡയറക്ററർ ജനറലിന്റെ ചുമതലകൾ നിർവ്വഹിക്കുവാൻ കേന്ദ്രഗവൺമെൻറ് അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥൻ ഉൾപ്പെടുന്നതുമാകുന്നു ;

(ച) "സംരക്ഷിക്കുക" എന്നതിൽ ആ പദത്തിന്റെ വ്യാകരണ സംബന്ധമായ രൂപഭേദങ്ങളോടും സജാതീയ പദങ്ങളോടും കൂടി, സംരക്ഷണം ചെയ്യപ്പെട്ട ഒരു സ്മാരകത്തിന് വേലി കെട്ടുകയും, മറയ്ക്കുകയും, റിപ്പെയർ ചെയ്യുകയും, പുനഃസ്ഥാപിക്കുകയും ശുദ്ധീകരിക്കുകയും ചെയ്യുന്നതു കൂടാതെ, സംരക്ഷണം ചെയ്യപ്പെട്ട ഒരു സ്മാരകം പരിപാലിക്കുന്നതിനും അതിലേയ്ക്ക് സൗകര്യമായ പ്രവേശനം ഉറപ്പുവരുത്തുന്നതിനും ആവശ്യമായേക്കാവുന്ന ഏതെങ്കിലും പ്രവൃത്തിചെയ്യുന്നതും ഉൾപ്പെടുന്നതാകുന്നു ;

(ഛ) "ഉടമ" എന്നതിൽ —

(i) തനിക്കുവേണ്ടിയും മററു കൂട്ടുടമകൾക്കു വേണ്ടിയും മാനേജ് ചെയ്യുവാൻ അധികാരം നൽകപ്പെട്ട ഒരു കൂട്ടുടമയും അങ്ങനെയുള്ള ഏതെങ്കിലും ഉടമയുടെ പിൻതുടർച്ചാവകാശിയും ;

(ii) മാനേജ് ചെയ്യാനുള്ള അധികാരം പ്രയോഗിക്കുന്ന ഏതെങ്കിലും മാനേജരോ, ട്രസ്ററിയോ അയാളും, അങ്ങനെയുള്ള ഏതെങ്കിലും മാനേജരുടേയോ, ട്രസ്ററിയുടേയോ പിൻതുടർച്ചാവകാശിയും ഉൾപ്പെടുന്നതാകുന്നു.

(ജ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്ററിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു ;

(ഝ) "സംരക്ഷിത പ്രദേശം" എന്നാൽ ഈ ആക്ററിനാലോ ആക്ററിൻ കീഴിലോ, ദേശീയ പ്രാധാന്യമുള്ളതായി പ്രഖ്യാപിക്കപ്പെട്ട, ഏതെങ്കിലും പുരാതത്വീയസ്ഥാനവും അവശിഷ്ടങ്ങളും എന്നർത്ഥമാകുന്നു;

(ഞ) "സംരക്ഷിത സ്മാരകം" എന്നാൽ ഈ ആക്ററിനാലോ ആക്ററിൻ കീഴിലോ, ദേശീയ പ്രാധാന്യമുള്ളതായി പ്രഖ്യാപിക്കപ്പെട്ട ഒരു പുരാതന സ്മാരകം എന്നർത്ഥമാകുന്നു.

**ജമ്മു-കാശ്മീർ സ്റേററിൽ പ്രാബല്യത്തിലില്ലാത്ത ഏതെങ്കിലും നിയമം സംബന്ധിച്ച പരാമർശത്തിന്റെ അർത്ഥകൽപ്പന.**

2ക. ജമ്മു-കാശ്മീർ സ്റേററിൽ പ്രാബല്യത്തിലില്ലാത്ത ഏതെങ്കിലും നിയമം സംബന്ധിച്ച് ഈ ആക്ററിലുള്ള ഏതെങ്കിലും പരാമർശം, ആ സ്റേററ് സംബന്ധിച്ച്, ആ സ്റേററിൽ ഏതെങ്കിലും തൽസ്ഥാനീയ നിയമം പ്രാബല്യത്തിലുണ്ടെങ്കിൽ, അതു സംബന്ധിച്ച പരാമർശമായി അർത്ഥം കൽപ്പിക്കേണ്ടതാകുന്നു.

## ദേശീയപ്രാധാന്യമുള്ള പുരാതന സ്മാരകങ്ങളും പുരാതത്വീയസ്ഥാനങ്ങളും അവശിഷ്ടങ്ങളും

**ചില പുരാതന സ്മാരകങ്ങളും മററും ദേശീയപ്രാധാന്യമുള്ളതായി കരുതപ്പെടണമെന്ന്.**
1951-ലെ 7

3. പുരാതനവും ചരിത്രപരവുമായ സ്മാരകങ്ങളും പുരാതത്വീയ സ്ഥാനങ്ങളും അവശിഷ്ടങ്ങളും (ദേശീയപ്രാധാന്യ പ്രഖ്യാപനം) ആക്ററ്, 1951 നാലോ സ്റേററുകൾ പുനഃസംഘടന ആക്ററ് 1956, 1956-ലെ 3 126-ാം വകുപ്പിനാലോ ദേശീയ പ്രാധാന്യമുള്ളവയെന്ന് പ്രഖ്യാപിക്കപ്പെട്ട പുരാതനവും ചരിത്രപരവും ആയ എല്ലാ സ്മാരകങ്ങളും, പുരാതത്വീയ സ്ഥാനങ്ങളും അവശിഷ്ടങ്ങളും, ഈ ആക്ററിന്റെ ആവശ്യങ്ങൾക്ക് ദേശീയപ്രാധാന്യമുള്ളവയെന്ന് പ്രഖ്യാപിക്കപ്പെട്ട പുരാതനവും ചരിത്രപരവുമായ സ്മാരകങ്ങളോ, പുരാതത്വീയ സ്ഥാനങ്ങളും അവശിഷ്ടങ്ങളുമോ ആയി കരുതപ്പെടുന്നതാകുന്നു.

**പുരാതന സ്മാരകങ്ങൾ മുതലായവ ദേശീയ പ്രാധാന്യമുള്ളവയായി പ്രഖ്യാപിക്കുവാൻ കേന്ദ്രഗവൺമെന്റിനുള്ള അധികാരം.**

4. (1) 3-ാം വകുപ്പിൽ ഉൾപ്പെടുത്താത്ത ഏതെങ്കിലും പുരാതന സ്മാരകമോ പുരാതത്ത്വീയ സ്ഥാനവും, അവശിഷ്ടങ്ങളുമോ ദേശീയ പ്രാധാന്യമുള്ളവയാണെന്ന് കേന്ദ്രഗവൺമെന്റിന് അഭിപ്രായമുള്ളിടത്ത്, അതിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, അങ്ങനെയുള്ള പുരാതന സ്മാരകമോ പുരാതത്ത്വീയ സ്ഥാനവും അവശിഷ്ടങ്ങളുമോ, ദേശീയപ്രാധാന്യമുള്ളവയാണെന്ന് പ്രഖ്യാപിക്കാനുള്ള അതിന്റെ ഉദ്ദേശത്തെക്കുറിച്ച് രണ്ടുമാസത്തെ നോട്ടീസ് നൽകാവുന്നതും, അങ്ങനെയുള്ള ഓരോ വിജ്ഞാപനത്തിന്റെയും ഒരു പകർപ്പ്, അതതു സംഗതിപോലെ, സ്മാരകത്തിന്റെയോ, അല്ലെങ്കിൽ സ്ഥാനത്തിന്റെയും അവശിഷ്ടങ്ങളുടെയുമോ അടുത്തുള്ള, ശ്രദ്ധേയമായ ഒരു സ്ഥലത്ത് പതിക്കേണ്ടതുമാകുന്നു.

(2) അങ്ങനെയുള്ള ഏതെങ്കിലും പുരാതന സ്മാരകത്തിലോ അല്ലെങ്കിൽ പുരാതത്ത്വീയസ്ഥാനവും അവശിഷ്ടങ്ങളിലുമോ, താൽപ്പര്യമുള്ള ഏതെങ്കിലും ആൾക്ക്, വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം രണ്ടുമാസത്തിനകം, സ്മാരകമോ, പുരാതത്ത്വീയസ്ഥാനവും, അവശിഷ്ടങ്ങളുമോ ദേശീയ പ്രാധാന്യമുള്ളവയെന്ന് പ്രഖ്യാപിക്കുന്നതിനെതിരായി ആക്ഷേപം പുറപ്പെടുവിക്കാവുന്നതാണ്.

(3) മേൽപ്പറഞ്ഞ രണ്ടുമാസക്കാലം കഴിയുമ്പോൾ, കേന്ദ്രഗവൺമെന്റിന്, അത് സ്വീകരിച്ചിട്ടുള്ള ആക്ഷേപങ്ങൾ ഏതെങ്കിലുമുണ്ടെങ്കിൽ, അവ പരിഗണിച്ചതിനുശേഷം, അതതു സംഗതിപോലെ, പുരാതന സ്മാരകമോ, അല്ലെങ്കിൽ പുരാതത്ത്വീയ സ്ഥാനങ്ങളും അവശിഷ്ടങ്ങളുമോ ദേശീയപ്രാധാന്യമുള്ളവയെന്ന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, പ്രഖ്യാപിക്കാവുന്നതാണ്.

(4) (3)-ാം ഉപവകുപ്പിൻകീഴിൽ പ്രസിദ്ധപ്പെടുത്തിയ ഒരു വിജ്ഞാപനം, അത് പിൻവലിക്കാത്തപക്ഷവും, പിൻവലിക്കുന്നതുവരേയും, അതു സംബന്ധിക്കുന്ന പുരാതന സ്മാരകമോ, അല്ലെങ്കിൽ പുരാതത്ത്വീയ സ്ഥാനവും, അവശിഷ്ടങ്ങളുമോ, ഈ ആക്ററിന്റെ ആവശ്യങ്ങൾക്ക് ദേശീയപ്രാധാന്യമുള്ളവയാണെന്നുള്ള വസ്തുതയ്ക്ക് നിശ്ചായകത്തെളിവായിരിക്കുന്നതാണ്.

## സംരക്ഷിത സ്മാരകങ്ങൾ

**സംരക്ഷിത സ്മാരകത്തിൽ അവകാശ ആർജ്ജനം.**

5. (1) ഡയറക്ററർജനറലിന്, കേന്ദ്രഗവൺമെന്റിന്റെ അനുമതിയോടുകൂടി, ഏതെങ്കിലും സംരക്ഷിത സ്മാരകം വാങ്ങുകയോ, അല്ലെങ്കിൽ അത് പാട്ടത്തിനെടുക്കുകയോ അല്ലെങ്കിൽ അതിന്റെ ദാനമോ, ഒസ്യത്തോ സ്വീകരിക്കുകയോ ചെയ്യാവുന്നതാണ്.

(2) സംരക്ഷിത സ്മാരകത്തിന് ഉടമസ്ഥനില്ലാത്തപ്പോൾ, ഡയറക്ററർ ജനറലിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, സ്മാരകത്തിന്റെ രക്ഷാകർത്തൃത്വം ഏറെറടുക്കാവുന്നതാണ്.

(3) ഏതെങ്കിലും സംരക്ഷിത സ്മാരകത്തിന്റെ ഉടമസ്ഥന്, ലിഖിതമായ പ്രമാണം മുഖേന, ഡയറക്ററർ ജനറലിനെ സ്മാരകത്തിന്റെ രക്ഷാകർത്താവാക്കാവുന്നതും, ഡയറക്ററർ ജനറലിന്, കേന്ദ്രഗവൺമെന്റിന്റെ അനുമതിയോടുകൂടി, അങ്ങനെയുള്ള രക്ഷാകർത്തൃത്വം സ്വീകരിക്കാവുന്നതുമാകുന്നു.

(4) (3)-ാം ഉപവകുപ്പിൻകീഴിൽ ഡയറക്ററർ ജനറൽ ഒരു സ്മാരകത്തിന്റെ രക്ഷാകർത്തൃത്വം സ്വീകരിക്കുമ്പോൾ, ഈ ആക്ററിൽ വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമൊഴികെ, ഉടമസ്ഥന്, അയാൾക്കുണ്ടായിരുന്ന അതേ നിലയും, അവകാശവും ഉടമാവകാശവും, അവകാശബന്ധവും, ഡയറക്ററർ ജനറൽ അതിന്റെ രക്ഷാകർത്താവാക്കപ്പെട്ടില്ലായിരുന്നെങ്കിലെന്നപോലെ, ഉണ്ടായിരിക്കുന്നതാണ്;

(5) (3)-ാം ഉപവകുപ്പിൻകീഴിൽ ഡയറക്ററർ ജനറൽ ഒരു സ്മാരകത്തിന്റെ രക്ഷാകർത്തൃത്വം സ്വീകരിക്കുമ്പോൾ, 6-ാം വകുപ്പിൻകീഴിൽ ഒപ്പിട്ട് പൂർത്തീകരിക്കപ്പെട്ട കരാറുകളെ സംബന്ധിക്കുന്ന ഈ ആക്ററിലെ വ്യവസ്ഥകൾ, മേൽപ്പറഞ്ഞ ഉപവകുപ്പിൻകീഴിൽ ഒപ്പിട്ട് പൂർത്തീകരിക്കുന്ന ലിഖിതമായ പ്രമാണങ്ങൾക്ക് ബാധകമാകുന്നതാണ്.

(6) ഈ വകുപ്പിലെ യാതൊന്നും, ഏതെങ്കിലും സംരക്ഷിത സ്മാരകം, ആചാരപ്രകാരമുള്ള മതാനുഷ്ഠാനങ്ങൾക്ക് ഉപയോഗിക്കുന്നതിനെ ബാധിക്കുന്നതല്ല.

**സംരക്ഷിത സ്മാരകത്തെ ഉടമ്പടി വഴി പരിപാലിക്കൽ**

6. (1) കളക്ററർ, കേന്ദ്രഗവൺമെന്റ് അപ്രകാരം നിർദേശിക്കുമ്പോൾ, സംരക്ഷിത സ്മാരകത്തിന്റെ ഉടമസ്ഥനോട്, സ്മാരകം സംരക്ഷിക്കുന്നതിന് വിനിർദ്ദിഷ്ടമായ ഒരു കാലാവധിക്കുള്ളിൽ കേന്ദ്രഗവൺമെന്റുമായി ഒരു ഉടമ്പടിയിലേർപ്പെടുന്നതിന്, നിർദ്ദേശിക്കേണ്ടതാണ്.

(2) ഈ വകുപ്പിൻകീഴിലുള്ള ഒരു ഉടമ്പടിയിൽ താഴെ പറയുന്ന വിഷയങ്ങൾ എല്ലാത്തിനുമോ അവയിൽ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത് :—

(ക) സ്മാരകത്തിന്റെ സംരക്ഷണം ;

(ഖ) സ്മാരകത്തിന്റെ കസ്ററഡിയും അത് സൂക്ഷിക്കുന്നതിന് നിയോജിക്കപ്പെടാവുന്ന ഏതെങ്കിലും ആളുടെ കർത്തവ്യങ്ങളും ;

(ഗ) (i) ഏതെങ്കിലും ആവശ്യത്തിന് സ്മാരകം ഉപയോഗിക്കുന്നതിനും ;

(ii) സ്മാരകത്തിൽ പ്രവേശിക്കുന്നതിനോ, അത് പരിശോധിക്കുന്നതിനോ ഏതെങ്കിലും ഫീസ് ചുമത്തുന്നതിനും ;

(iii) സ്മാരകം നശിപ്പിക്കുകയോ നീക്കം ചെയ്യുകയോ, രൂപഭേദപ്പെടുത്തുകയോ വിരൂപമാക്കുകയോ ചെയ്യുന്നതിനും ;

(iv) സ്മാരകത്തിന്റെ സ്ഥാനത്തോ, സമീപത്തോ കെട്ടിടം കെട്ടുന്നതിനും,

ഉള്ള ഉടമസ്ഥന്റെ അവകാശം നിയന്ത്രിക്കുന്നതിനും ;

(ഘ) പൊതുജനങ്ങൾക്കോ, അതിലേതെങ്കിലും വിഭാഗത്തിനോ പുരാതത്ത്വീയ ഉദ്യോഗസ്ഥൻമാർക്കോ, ഉടമസ്ഥൻ നിയോഗിക്കുന്ന ആളുകൾക്കോ, ഏതെങ്കിലും പുരാതത്ത്വീയ ഉദ്യോഗസ്ഥനോ കളക്ടറർക്കോ സ്മാരകം പരിശോധിക്കുന്നതിനോ, സംരക്ഷിക്കുന്നതിനോ അനുവദിക്കപ്പെടേണ്ട പ്രവേശന സൗകര്യങ്ങൾ ;

(ങ) സ്മാരകം സ്ഥിതി ചെയ്യുന്ന ഭൂമിയോ അതിനുതൊട്ടുള്ള ഏതെങ്കിലും ഭൂമിയോ, ഉടമസ്ഥൻ വിൽപ്പനയ്ക്കുവച്ചാൽ കേന്ദ്രഗവൺമെൻറിന് നൽകേണ്ട നോട്ടീസും, അങ്ങനെയുള്ള ഭൂമിയോ, അങ്ങനെയുള്ള ഭൂമിയുടെ വിനിർദ്ദിഷ്ടമായ ഏതെങ്കിലും ഭാഗമോ അതിന്റെ കമ്പോളവിലയ്ക്ക് വാങ്ങുവാൻ കേന്ദ്രഗവൺമെൻറിന് നീക്കിവയ്ക്കേണ്ട അവകാശവും ;

(ച) സ്മാരകത്തിന്റെ സംരക്ഷണസംബന്ധമായി ഉടമസ്ഥനോ, കേന്ദ്രഗവൺമെൻറിനോ നേരിട്ട ഏതെങ്കിലും ചെലവിനുള്ള പണം കൊടുക്കൽ ;

(ഛ) സ്മാരകത്തിന്റെ സംരക്ഷണസംബന്ധമായി കേന്ദ്രഗവൺമെൻറിന് ഏതെങ്കിലും ചെലവുകൾ നേരിടേണ്ടിവരുമ്പോൾ സ്മാരകം സംബന്ധിച്ച് കേന്ദ്രഗവൺമെൻറിൽ നിക്ഷിപ്തമാകേണ്ട ഉടമസ്ഥാവകാശമോ, മററു അവകാശങ്ങളോ ;

(ജ) ഒരു ഉടമ്പടിയിൽ നിന്നുണ്ടാകുന്ന ഏതെങ്കിലും തർക്കം തീരുമാനിക്കുന്നതിന് ഒരു അധികാരസ്ഥാനത്തിന്റെ നിയമനം ; കൂടാതെ.

(ത്ധ) ഉടമസ്ഥനും കേന്ദ്രഗവൺമെൻറും തമ്മിലുള്ള ഉടമ്പടിയുടെ ഉചിതമായ ഒരു വിഷയമാകുന്ന, സ്മാരകത്തിന്റെ സംരക്ഷണസംബന്ധമായ ഏതെങ്കിലും സംഗതി.

(3) ഈ വകുപ്പിൻകീഴിലുള്ള ഒരു ഉടമ്പടി ഒപ്പിട്ടു പൂർത്തീകരിച്ച തീയതി മുതൽ മൂന്നു വർഷംകഴിഞ്ഞ് ഏതെങ്കിലും സമയം, കേന്ദ്രഗവൺമെൻറിനോ, ഉടമസ്ഥനോ മറേറ കക്ഷിക്ക് ആറു മാസത്തെ ലിഖിതമായ നോട്ടീസ് നൽകി അത് അവസാനിപ്പിക്കാവുന്നതാണ് ;

എന്നാൽ ഉടമസ്ഥൻ ഉടമ്പടി അവസാനിപ്പിക്കുന്നിടത്ത്, അയാൾ കേന്ദ്രഗവൺമെൻറിന്, സ്മാരകം സംരക്ഷിക്കുന്നതിന് ഉടമ്പടി അവസാനിക്കുന്നതിന് തൊട്ടുമുമ്പുള്ള അഞ്ചു വർഷക്കാലമോ, ഉടമ്പടി അതിലും കുറഞ്ഞ ഒരു കാലാവധിയിലേക്കാണ് പ്രാബല്യത്തിലുണ്ടായിരുന്നതെങ്കിൽ ഉടമ്പടി പ്രാബല്യത്തിലുണ്ടായിരുന്ന കാലാവധിയോ, അതിന് നേരിടേണ്ടിവന്ന ചെലവുകൾ എന്തെങ്കിലുമുണ്ടെങ്കിൽ അവ കൊടുക്കേണ്ടതാണ്.

(4) ഈ വകുപ്പിൻകീഴിലുള്ള ഒരു ഉടമ്പടി ആ ഉടമ്പടി ഏതു കക്ഷിയാലോ ഏതു കക്ഷിക്കുവേണ്ടിയോ ആണോ ഒപ്പിട്ടു പൂർത്തീകരിക്കപ്പെട്ടത്, ആ കക്ഷിയിൽനിന്നോ, ആ കക്ഷിയിലൂടെയോ, ആ കക്ഷിയുടെ കീഴിലോ, ഉടമ്പടി സംബന്ധിക്കുന്ന സ്മാരകത്തിന്റെ ഉടമസ്ഥനാണെന്ന് അവകാശവാദം പുറപ്പെടുവിക്കുന്ന ഏതെങ്കിലും ആളെ ബദ്ധനാക്കുന്നതാണ്.

**അപ്രാപ്തരോ കൈവശാവകാശമില്ലാത്തവരോ ആയ ഉടമസ്ഥൻമാർ.**

7. (1) ഒരു സംരക്ഷിത സ്മാരകത്തിന്റെ ഉടമസ്ഥന് ശൈശവമോ, അല്ലെങ്കിൽ മററു അപ്രാപ്തിയോ കാരണത്താൽ സ്വയം പ്രവർത്തിക്കുവാൻ കഴിയുന്നില്ലെങ്കിൽ, അയാൾക്കുവേണ്ടി പ്രവർത്തിക്കുവാൻ നിയമാനുസൃതം ക്ഷമതയുള്ള ആൾക്ക്, 6-ാം വകുപ്പ് ഒരു ഉടമസ്ഥന് നൽകുന്ന അധികാരങ്ങൾ പ്രയോഗിക്കാവുന്നതാണ്.

(2) ഗ്രാമീണ വസ്തുവിന്റെ സംഗതിയിൽ, അങ്ങനെയുള്ള വസ്തുവിൻമേൽ മാനേജുമെൻറിനുള്ള അധികാരങ്ങൾ പ്രയോഗിക്കുന്ന തലവനോ, മററു ഗ്രാമ ഉദ്യോഗസ്ഥനോ, ഒരു ഉടമസ്ഥന് 6-ാം വകുപ്പ്, നൽകുന്ന അധികാരങ്ങൾ പ്രയോഗിക്കാവുന്നതാണ്.

(3) ഈ വകുപ്പിലുള്ള യാതൊന്നും, ഏതെങ്കിലും ആളെ, അയാൾ ഏതാൾക്ക് വേണ്ടിയാണോ പ്രവർത്തിക്കുന്നത് ആ ആളുടെ മതത്തിൽപ്പെട്ട ആളല്ലെങ്കിൽ ആനുകാലികമായി ആ മതത്തിലെ മതപരമായ ആരാധനയ്ക്കോ അനുഷ്ഠാനങ്ങൾക്കോ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത് ഏതു സംരക്ഷിത സ്മാരകമോ, ഏതു സംരക്ഷിത സ്മാരകത്തിന്റെ ഭാഗമോ ആണോ അങ്ങനെയുള്ള, സംരക്ഷിത സ്മാരകം സംബന്ധിച്ച ഒരു ഉടമ്പടി ഉണ്ടാക്കുന്നതിനോ ഒപ്പിട്ടു പൂർത്തീകരിക്കുന്നതിനോ അധികാരപ്പെടുത്തുന്നതായി കരുതുവാൻ പാടില്ലാത്തതാകുന്നു.

ഒരു സംരക്ഷിത സ്മാരകത്തിന്റെ കേടുപാടു തീർക്കുന്നതിന് എൻഡോമെൻറ് ഉപയോഗപ്പെടുത്തൽ.

8. (1) 6-ാം വകുപ്പിൻകീഴിൽ ഒരു ഉടമ്പടിയിലേർപ്പെടുന്നതിന് ക്ഷമതയുള്ള ഏതെങ്കിലും ഉടമസ്ഥനോ മററാളോ, അങ്ങനെയുള്ള ഒരു കരാറിലേർപ്പെടുവാൻ വിസമ്മതിക്കുകയോ, വീഴ്ച വരുത്തുകയോ, ചെയ്യുകയാണെങ്കിലും, അങ്ങനെയുള്ള സ്മാരകത്തിന്റെ അററകുററപ്പണി ചെയ്യുവാനുള്ള ഉദ്ദേശത്തോടുകൂടിയോ, മററുള്ള ഉദ്ദേശങ്ങൾക്കിടയിൽ ആ ഉദ്ദേശത്തോടുകൂടിയോ, ഏതെങ്കിലും എൻഡോമെൻറ് സൃഷ്ടിക്കപ്പെട്ടിരിക്കുകയാണെങ്കിലും കേന്ദ്രഗവൺമെൻറിന്, ജില്ലാജഡ്ജിയുടെ കോടതിയിൽ ഒരു വ്യവഹാരം ബോധിപ്പിക്കുകയോ, അല്ലെങ്കിൽ സ്മാരകം കേടുപാടു തീർക്കുന്നതിന്റെ മതിപ്പുചെലവ് ആയിരം രൂപയിൽ കവിയുന്നില്ലെങ്കിൽ അങ്ങനെയുള്ള എൻഡോമെൻറാ, അതിന്റെ ഭാഗമോ ഉപയോഗിക്കുന്നതിന് ജില്ലാ ജഡ്ജിക്ക് ഒരു അപേക്ഷ സമർപ്പിക്കുകയോ ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിലുള്ള ഒരു അപേക്ഷയുടെ വാദം കേൾക്കുന്നതിൻമേൽ, ജില്ലാജഡ്ജിക്ക്, ഉടമസ്ഥനേയും ഏതാളുടെ തെളിവാണോ ആവശ്യകമെന്ന് തോന്നുന്നത് അങ്ങനെയുള്ള ഏതെങ്കിലും ആളേയും സമൺ ചെയ്യുകയും വിസ്തരിക്കുകയും ചെയ്യാവുന്നതും, എൻഡോമെൻറാ അതിൻെറ ഏതെങ്കിലും ഭാഗമോ, യഥാവിധി ഉപയോഗപ്പെടുത്തുന്നതിന് ഒരുത്തരവ് പുറപ്പെടുവിക്കാവുന്നതും, അങ്ങനെയുള്ള ഏതെങ്കിലും ഉത്തരവ് ഒരു സിവിൽ കോടതിയുടെ ഡിക്രിയായിരുന്നാലെന്നപോലെ നടപ്പാക്കാവുന്നതുമാകുന്നു.

**ഒരു ഉടമ്പടിയിൽ ഏർപ്പെടുന്നതിന് വിസമ്മതിക്കുകയോ, വീഴ്ച വരുത്തുകയോ ചെയ്യൽ.**

9. (1) ഒരു സംരക്ഷിതസ്മാരകത്തിൻെറ സംരക്ഷണത്തിന് 6-ാം വകുപ്പിൻകീഴിൽ ഒരു ഉടമ്പടിയിലേർപ്പെടുവാൻ ക്ഷമതയുള്ള ഏതെങ്കിലും ഉടമസ്ഥനോ മററാളോ, അങ്ങനെയുള്ള ഒരു ഉടമ്പടിയിൽ ഏർപ്പെടുന്നതിന് വിസമ്മതിക്കുകയോ, വീഴ്ച വരുത്തുകയോ ചെയ്യുകയാണെങ്കിൽ, കേന്ദ്രഗവൺമെൻറിന് 6-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ വിനിർദ്ദേശിക്കുന്ന സംഗതികളിൽ എല്ലാത്തിനുമോ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്തുകൊണ്ട് ഒരുത്തരവ് പുറപ്പെടുവിക്കാവുന്നതും, അങ്ങനെയുള്ള ഉത്തരവ് ഉടമസ്ഥനേയോ, അങ്ങനെയുള്ള മററാളേയോ, കൂടാതെ ഉടമസ്ഥനിൽനിന്നോ അങ്ങനെയുള്ള മററാളിൽനിന്നോ, ഉടമസ്ഥനോ അങ്ങനെയുള്ള മററാളോ മുഖേനയോ അല്ലെങ്കിൽ ഉടമസ്ഥൻെറയോ മററാളുടേയോ കീഴിലോ സ്മാരകത്തിന് ഉടമാവകാശം ഉന്നയിക്കുന്ന ഓരോ ആളേയും ബന്ധിക്കുന്നതുമാകുന്നു.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഒരുത്തരവ് സ്മാരകം ഉടമസ്ഥനാലോ, ഉടമ്പടിയിലേർപ്പെടുവാൻ ക്ഷമതയുള്ള മററാളിനാലോ സംരക്ഷിക്കപ്പെടണമെന്ന് വ്യവസ്ഥ ചെയ്യുന്നിടത്ത്, സ്മാരകം സംരക്ഷിക്കുന്നതിനുള്ള ന്യായമായ എല്ലാ ചെലവുകളും കേന്ദ്രഗവൺമെൻറ് കൊടുക്കേണ്ടതാകുന്നു.

(3) (1)-ാം ഉപവകുപ്പിൻ കീഴിലുള്ള യാതൊരു ഉത്തരവും, നിർദ്ദിഷ്ട ഉത്തരവിനെതിരായി ഉടമസ്ഥനോ, അല്ലെങ്കിൽ മററാൾക്കോ ലിഖിതമായ ഒരു നിവേദനം നൽകുവാനുള്ള ഒരവസരം നൽകിയതിനുശേഷമല്ലാതെ പുറപ്പെടുവിക്കുവാൻപാടുള്ളതല്ല.

**6-ാം വകുപ്പുപ്രകാരമുള്ള ഉടമ്പടി ഉല്ലംഘിക്കുന്നത് തടഞ്ഞുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുവാനുള്ള അധികാരം.**

10. (1) ഒരു സംരക്ഷിത സ്മാരകത്തിൻെറ ഉടമസ്ഥനോ, കൈവശക്കാരനോ, 6-ാം വകുപ്പുപ്രകാരമുള്ള ഒരു ഉടമ്പടിയിലെ നിബന്ധനകൾ ഉല്ലംഘിച്ചുകൊണ്ട് സ്മാരകം നശിപ്പിക്കുവാനോ, നീക്കംചെയ്യുവാനോ, രൂപഭേദപ്പെടുത്തുവാനോ, വിരൂപപ്പെടുത്തുവാനോ, അപായപ്പെടുത്തുവാനോ, ദുരുപയോഗപ്പെടുത്തുവാനോ ആ സ്ഥലത്തോ, അതിനടുത്തോ കെട്ടിടം കെട്ടുവാനോ ഉദ്ദേശിക്കുന്നതായി ഡയറക്ററർ-ജനറലിന് ആശങ്ക തോന്നുന്നപക്ഷം, ഡയറക്ററർ-ജനറലിന്, ഉടമസ്ഥനോ, കൈവശക്കാരനോ രേഖാമൂലമായ ഒരു നിവേദനം നൽകുവാനുള്ള ഒരവസരം നൽകിയതിനുശേഷം, ഉടമ്പടിയിലെ അങ്ങനെയുള്ള ഏതെങ്കിലും ഉല്ലംഘനം നിരോധിച്ചുകൊണ്ട് ഒരുത്തരവ് പുറപ്പെടുവിക്കാവുന്നതാണ്:

എന്നാൽ ഡയറക്ററർ-ജനറലിന് രേഖപ്പെടുത്തപ്പെടേണ്ട കാരണങ്ങളാൽ, അപ്രകാരം ചെയ്യുന്നത് സമീചീനമോ, പ്രായോഗികമോ അല്ലെന്ന് ബോദ്ധ്യപ്പെടുന്ന ഏതെങ്കിലും സംഗതിയിൽ അങ്ങനെയുള്ള യാതൊരവസരവും നൽകേണ്ടതില്ല.

(2) ഈ വകുപ്പുപ്രകാരമുള്ള ഒരുത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതെങ്കിലും ആൾ, നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിലും, നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും കേന്ദ്രഗവൺമെൻറിലേക്ക് അപ്പീൽ ബോധിപ്പിക്കാവുന്നതും, കേന്ദ്രഗവൺമെൻറിൻെറ തീരുമാനം അന്തിമമായിരിക്കുന്നതും ആകുന്നു.

**ഉടമ്പടികൾ പ്രാബല്യത്തിൽ കൊണ്ടുവരൽ.**

11. (1) ഒരു സ്മാരകത്തിൻെറ സംരക്ഷണത്തിന് 6-ാം വകുപ്പുപ്രകാരമുള്ള ഒരു ഉടമ്പടിയാൽ ബാദ്ധ്യസ്ഥനായ ഒരു ഉടമസ്ഥനോ, മററാളോ, ഡയറക്ററർ-ജനറൽ നിശ്ചയിക്കാവുന്ന ന്യായമായ സമയത്തിനുള്ളിൽ, സ്മാരകത്തിൻെറ സംരക്ഷണത്തിന് ആവശ്യകമെന്ന് ഡയറക്ററർ ജനറലിന് അഭിപ്രായമുള്ള ഏതെങ്കിലും പ്രവൃത്തി ചെയ്യുന്നതിന് വിസമ്മതിക്കുകയോ, പ്രവൃത്തി ചെയ്യാതിരിക്കുകയോ ചെയ്യുമ്പോൾ, അങ്ങിനെയുള്ള ഏതെങ്കിലും പ്രവൃത്തി ചെയ്യുന്നതിന് ഡയറക്ററർ-ജനറൽക്ക് ഏതെങ്കിലും ആളെ അധികാരപ്പെടുത്താവുന്നതും, ഉടമസ്ഥനോ, മററാളോ, അങ്ങിനെയുള്ള ഏതെങ്കിലും പ്രവൃത്തി ചെയ്യുന്നതിന്‌വേണ്ടിവരുന്ന ചെലവുകളോ, ഉടമ്പടിപ്രകാരം ഉടമസ്ഥന് കൊടുക്കുവാൻ ബാദ്ധ്യതപ്പെട്ട ചെലവുകളുടെ ഭാഗമോ, കൊടുക്കുവാൻ ബാദ്ധ്യസ്ഥനാകുന്നതും ആണ്.

(2) (1)-ാം ഉപവകുപ്പുംപ്രകാരം ഉടമസ്ഥനോ മററാളോ കൊടുക്കേണ്ടിവരുന്ന ചെലവുകളുടെ തുകയെ സംബന്ധിച്ച് ഏതെങ്കിലും തർക്കം ഉണ്ടാകുകയാണെങ്കിൽ, കേന്ദ്രഗവൺമെൻറിൻെറ തീരുമാനത്തിന് വിടേണ്ടതും, കേന്ദ്രഗവൺമെൻറിൻെറ തീരുമാനം അന്തിമമായിരിക്കുന്നതുമാകുന്നു.

**ചില വില്പനകളിൽ വാങ്ങുന്നവരും, ഉടമസ്ഥനിലൂടെ അവകാശമുന്നയിക്കുന്നവരും ഉടമസ്ഥൻ ഒപ്പിട്ടു പൂർത്തീകരിച്ച പ്രമാണത്താൽ ബാദ്ധ്യസ്ഥരാകുമെന്ന്.**

12. 5-ാം വകുപ്പോ, 6-ാം വകുപ്പോ പ്രകാരം തൽസമയത്തെ ഉടമസ്ഥൻ ഏതെങ്കിലും പ്രമാണം ഒപ്പിട്ടു പൂർത്തീകരിച്ചിട്ടുള്ളത് ഏതു സ്മാരകം സംബന്ധിച്ചാണോ ആ സ്മാരകം സ്ഥിതിചെയ്യുന്ന ഏതെങ്കിലും ഭൂമി, ഭൂനികുതിക്കുടിശ്ശികയ്ക്കോ, മറെറതെങ്കിലും പൊതുക്കടത്തിനോ വേണ്ടിയുള്ള ഒരു വിൽപനയിൽ വാങ്ങുന്ന ഓരോ ആളും, അങ്ങനെയുള്ള ഏതെങ്കിലും പ്രമാണം ഒപ്പിട്ടു പൂർത്തീകരിച്ചിട്ടുള്ള ഒരു ഉടമസ്ഥനിൽനിന്നോ, അയാളിലൂടെയോ, അയാളുടെ കീഴിലോ, ഒരു സ്മാരകത്തിന് ഉടമാവകാശം ഉന്നയിക്കുന്ന ഓരോ ആളും, അങ്ങനെയുള്ള പ്രമാണത്താൽ ബാദ്ധ്യസ്ഥനാകുന്നതാണ്.

**സംരക്ഷിത സ്മാരകങ്ങളുടെ ആർജ്ജനം.— (1894-ലെ 1)**

13. ഒരു സംരക്ഷിത സ്മാരകം നശിക്കുകയോ ക്ഷതപ്പെടുകയോ, ദുരുപയോഗപ്പെടുത്തുകയോ നശിക്കുന്നതിനനുവദിക്കുകയോ ചെയ്യുന്ന അപകടനിലയിലാണെന്ന് കേന്ദ്രഗവൺമെൻറിന് ആശങ്കയുള്ളപക്ഷം, ഭൂമി ആർജ്ജന ആക്റ്റ്, 1894-ലെ വ്യവസ്ഥകൾ പ്രകാരം, അതിന് സംരക്ഷിത സ്മാരകത്തിൻെറ പരിപാലനം ആ ആക്റ്റിൻെറ അർത്ഥത്തിൽ ഒരു പൊതു ആവശ്യമായിരുന്നാലെന്നപോലെ സംരക്ഷണം ചെയ്യപ്പെട്ട ആ സ്മാരകം ആർജ്ജിക്കാവുന്നതാണ്.

**സംരക്ഷണം ചെയ്യപ്പെട്ട ചില സ്മാരകങ്ങളുടെ പരിപാലനം.**

14. (1) 13-ാം വകുപ്പുപ്രകാരം ആർജ്ജിച്ചിട്ടുള്ളതോ അല്ലെങ്കിൽ ഏതിനെ സംബന്ധിച്ച് 5-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള അവകാശങ്ങളിലേതെങ്കിലും ആർജ്ജിച്ചിരിക്കുന്നുവോ, അങ്ങനെയുള്ളതോ ആയ ഓരോ സ്മാരകവും കേന്ദ്രഗവൺമെൻറ് പരിപാലിക്കേണ്ടതാണ്.

(2) 5-ാം വകുപ്പുപ്രകാരം ഒരു സ്മാരകത്തിൻെറ രക്ഷാകർത്തൃത്വം ഡയറക്റ്റർ-ജനറൽ ഏറെറടുക്കുമ്പോൾ, അങ്ങനെയുള്ള സ്മാരകം പരിപാലിക്കുന്ന ആവശ്യത്തിലേക്ക് അയാൾക്ക് സ്വയമോ, അല്ലെങ്കിൽ അയാളുടെ ഏജൻറുമാരും, കീഴ്ജീവനക്കാരും, ജോലിക്കാരും മുഖാന്തിരമോ ന്യായമായ എല്ലാ സമയത്തും, സ്മാരകം പരിശോധിക്കുന്ന ആവശ്യത്തിനും അതിൻെറ പരിപാലനത്തിന് ആവശ്യകമെന്നോ അഭികാമ്യമെന്നോ അയാൾ കരുതാവുന്ന സാധനങ്ങൾ കൊണ്ടുവരുന്നതിനും പ്രവൃത്തികൾ ചെയ്യുന്നതിനും ഉള്ള ആവശ്യത്തിലേക്കും സ്മാരകത്തിൽ പ്രവേശിക്കാവുന്നതാണ്.

**സ്വച്ഛാനുസാരമായ സംഭാവനകൾ.**

15. ഡയറക്റ്റർ ജനറലിന്, സംരക്ഷണം ചെയ്യപ്പെട്ട ഒരു സ്മാരകം പരിപാലിക്കുന്നതിനുള്ള ചെലവിലേക്ക് സ്വച്ഛാനുസാരമായ സംഭാവനകൾ സ്വീകരിക്കാവുന്നതും, അയാൾ അങ്ങനെ സ്വീകരിക്കുന്ന ഏതെങ്കിലും പണത്തിൻെറ നടത്തിപ്പും വിനിയോഗിക്കലും സംബന്ധിച്ച് ഉത്തരവുകൾ നൽകാവുന്നതുമാകുന്നു:

എന്നാൽ ഈ വകുപ്പുപ്രകാരം സ്വീകരിച്ച യാതൊരു സംഭാവനയും ഏത് ആവശ്യത്തിനാണോ അത് സംഭാവന ചെയ്യപ്പെട്ടത് ആ ആവശ്യത്തിനല്ലാതെ മറെറതൊരാവശ്യത്തിനും ഉപയോഗിക്കുവാൻ പാടില്ല.

**ആരാധനാസ്ഥലത്തെ ദുരുപയോഗപ്പെടുത്തുകയോ, മലിനപ്പെടുത്തുകയോ, അശുദ്ധപ്പെടുത്തുകയോ ചെയ്യുന്നതിൽ നിന്നും സംരക്ഷണം.**

16. (1) ഈ ആക്റ്റ്പ്രകാരം കേന്ദ്രഗവൺമെൻറ് പരിപാലനം ചെയ്തുവരുന്ന ഒരു ആരാധനാ സ്ഥലമോ ഒരു പുണ്യസ്ഥാനമോ ആയിരിക്കുന്ന, ഒരു സംരക്ഷിത സ്മാരകം അതിൻെറ സ്വഭാവവുമായി പൊരുത്തപ്പെടാത്ത ഏതെങ്കിലും ആവശ്യത്തിനുപയോഗിക്കുവാൻ പാടുള്ളതല്ല.

(2) സംരക്ഷിതമാക്കപ്പെട്ട ഒരു സ്മാരകം കേന്ദ്രഗവൺമെൻറ് 13-ാം വകുപ്പുപ്രകാരം ആർജ്ജിച്ചിരിക്കുകയോ, സംരക്ഷിതമാക്കപ്പെട്ട ഒരു സ്മാരകം ഡയറക്റ്റർ ജനറൽ 5-ാം വകുപ്പുപ്രകാരം വിലയ്ക്ക് വാങ്ങുകയോ, പാട്ടത്തിനെടുക്കുകയോ, അത് സംബന്ധിച്ച് ഒരു ദാനപത്രമോ, മരണശാസനമോ സ്വീകരിക്കുകയോ രക്ഷാകർത്തൃത്വം ഏറെറടുക്കുകയോ ചെയ്തിരിക്കുകയോ ചെയ്കയും അങ്ങനെയുള്ള സ്മാരകമോ അതിൻെറ ഏതെങ്കിലും ഭാഗമോ ഏതെങ്കിലും സമുദായം മതപരമായ ആരാധനയ്ക്കോ, അനുഷ്ഠാനങ്ങൾക്കോ ഉപയോഗിക്കുകയും ചെയ്യുന്നിടത്ത്, കളക്റ്റർ—

(ക) പ്രസ്തുത സ്മാരകത്തിൻെറയോ, അതിൻെറ ഭാഗത്തിൻെറയോ മതപരമായ ചാർജ്ജു വഹിക്കുന്ന ആളുകൾ ആരെങ്കിലുമുണ്ടെങ്കിൽ അവരുടെ യോജിപ്പോടുകൂടി നിർണ്ണയിക്കപ്പെട്ട ഉപാധികൾക്കനുസരണമായല്ലാതെ, സ്മാരകമോ അതിൻെറ ഭാഗമോ ഉപയോഗിക്കുന്ന സമുദായത്തിൻെറ മതപരമായ കീഴ്വഴക്കങ്ങളനുസരിച്ച് അപ്രകാരം പ്രവേശിക്കുവാൻ അർഹതയില്ലാത്ത ഏതെങ്കിലും ആൾ അതിൽ പ്രവേശിക്കുന്നത് തടഞ്ഞുകൊണ്ടോ, അല്ലെങ്കിൽ

(ഖ) ഇതിലേക്ക് ആവശ്യകമെന്ന് അയാൾക്ക് തോന്നാവുന്ന മററു നടപടിയെടുത്തുകൊണ്ടോ,

അങ്ങനെയുള്ള സ്മാരകമോ അതിൻെറ ഭാഗമോ മലിനപ്പെടുത്തുകയോ, അശുദ്ധപ്പെടുത്തുകയോ ചെയ്യുന്നതിൽനിന്ന് സംരക്ഷിക്കുന്നതിന് യഥാർത്ഥമായ വ്യവസ്ഥ ചെയ്യേണ്ടതാണ്.

17. ഡയറക്ടർ ജനറലിന്, കേന്ദ്രഗവൺമെൻറിൻെറ അനുമതിയോടുകൂടി,—

(ക) ഈ ആക്റ്റ്പ്രകാരം ഏതെങ്കിലും സ്മാരകം സംബന്ധിച്ച് അവകാശങ്ങൾ ഏതെങ്കിലും വില്പനയുടേയോ, പാട്ടത്തിൻേറയോ, ദാനപത്രത്തിൻേറയോ, മരണശാസനത്തിൻെറയോ ബലത്തിൽ ഡയറക്ടർ ജനറൽ ആർജ്ജിച്ചിട്ടുള്ളിടത്ത്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം മുഖേന, അങ്ങനെയുള്ള അവകാശങ്ങൾ ആർജ്ജിച്ചിരുന്നില്ലെങ്കിൽ തൽസമയം സ്മാരകത്തിൻെറ ഉടമസ്ഥനാകുമായിരുന്ന ആൾക്ക് ത്യജിക്കാവുന്നതാണ് ;

അല്ലെങ്കിൽ

(ഖ) ഈ ആക്റ്റുപ്രകാരം അയാൾ ഏറെറടുത്തിരിക്കുന്ന ഒരു സ്മാരകത്തിൻെറ രക്ഷാകർതൃത്വം ത്യജിക്കുകയോ ചെയ്യാവുന്നതാണ്.

ഒരു സ്മാരകത്തിൽ ഗവൺമെൻറിൻെറ അവകാശങ്ങൾ ത്യജിക്കൽ.

18. ഈ ആക്റ്റ്പ്രകാരം ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടങ്ങൾക്ക് വിധേയമായി സംരക്ഷണം ചെയ്യപ്പെട്ട ഏതെങ്കിലും സ്മാരകത്തിൽ പ്രവേശിക്കുന്നതിന് പൊതുജനങ്ങൾക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

സംരക്ഷണം ചെയ്യപ്പെട്ട സ്മാരകങ്ങളിലേക്ക് പ്രവേശനത്തിനുള്ള അവകാശം.

## സംരക്ഷണം ചെയ്യപ്പെട്ട പ്രദേശങ്ങൾ

19. (1) സംരക്ഷണം ചെയ്യപ്പെട്ട ഒരു പ്രദേശത്തിൻെറ ഉടമസ്ഥനോ, കൈവശക്കാരനോ ഉൾപ്പെടെ യാതൊരാളും സംരക്ഷണം ചെയ്യപ്പെട്ട പ്രദേശത്തിനുള്ളിൽ, ഏതെങ്കിലും കെട്ടിടം നിർമ്മിക്കുകയോ അങ്ങനെയുള്ള പ്രദേശത്ത് ഏതെങ്കിലും ഖനനമോ, കല്ലുപൊട്ടിക്കലോ, ഉൽഖനനമോ, പാറപൊട്ടിക്കലോ അതുപോലെയുള്ള ഏതെങ്കിലും പ്രവർത്തനമോ നടത്തുകയോ, കേന്ദ്രഗവൺമെൻറിൻെറ അനുവാദം കൂടാതെ അങ്ങനെയുള്ള പ്രദേശമോ, അതിൻെറ ഏതെങ്കിലും ഭാഗമോ, മറേറതെങ്കിലും വിധത്തിൽ ഉപയോഗിക്കുകയോ ചെയ്യുവാൻ പാടില്ലാത്തതാകുന്നു ;

എന്നാൽ, ഈ ഉപവകുപ്പിലെ യാതൊന്നും, അങ്ങനെയുള്ള ഏതെങ്കിലും പ്രദേശമോ അതിൻെറ ഭാഗമോ, കൃഷിയുടെ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനെ, അങ്ങനെയുള്ള കൃഷി ഉപരിതലത്തിൽനിന്ന് ഒരടിയിൽ കൂടുതൽ മണ്ണ് കുഴിക്കുന്നത് ഉൾക്കൊള്ളുന്നില്ലെങ്കിൽ, നിരോധിക്കുന്നതായി കരുതപ്പെടുന്നതല്ല.

(2) കേന്ദ്രഗവൺമെൻറിന്, ഉത്തരവു മുഖേന, (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ഉല്ലംഘിച്ചുകൊണ്ട്, സംരക്ഷണം ചെയ്യപ്പെട്ട ഒരു പ്രദേശത്തിനുള്ളിൽ, ഏതെങ്കിലും ആൾ നിർമ്മിച്ച ഏതെങ്കിലും കെട്ടിടം വിനിർദ്ദിഷ്ടമായ ഒരു കാലാവധിക്കുള്ളിൽ മാററിക്കൊള്ളണമെന്ന് നിദേശിക്കാവുന്നതും, അയാൾ ഉത്തരവ് അനുസരിക്കുന്നതിന് വിസമ്മതിക്കുകയോ അതിന് വീഴ്ച വരുത്തുകയോ ചെയ്യുന്നപക്ഷം കളക്ടർക്ക് കെട്ടിടം മാററുന്നതിന് ഇടയാക്കാവുന്നതും, അങ്ങനെ മാററുന്നതിനുള്ള ചെലവ് കൊടുക്കുന്നതിന് കെട്ടിടം നിർമ്മിച്ച ആൾ ബാദ്ധ്യസ്ഥനാകുന്നതുമാകുന്നു.

സംരക്ഷണം ചെയ്യപ്പെട്ട പ്രദേശങ്ങളിലെ വസ്തു അനുഭവിക്കുന്നതിലുള്ള അവകാശത്തിൻമേൽ നിയന്ത്രണം.

20. സംരക്ഷണം ചെയ്യപ്പെട്ട ഏതെങ്കിലും പ്രദേശം ദേശീയ താത്പര്യവും മൂല്യവുമുള്ള ഒരു പുരാതനസ്മാരകമോ, പൗരാണികാവശിഷ്ടങ്ങളോ ഉൾക്കൊള്ളുന്നുവെന്ന് കേന്ദ്രഗവൺമെൻറിനഭിപ്രായമുള്ളപക്ഷം, അതിന് ഭൂമി ആർജ്ജന ആക്റ്റ് 1894-ലെ വ്യവസ്ഥകൾ പ്രകാരം, ആർജ്ജനം ആ ആക്റ്റിൻെറ അർത്ഥത്തിൽ ഒരു പൊതുആവശ്യത്തിനായിരുന്നാലെന്നപോലെ, അങ്ങിനെയുള്ള പ്രദേശം ആർജ്ജിക്കാവുന്നതാണ്.

സംരക്ഷണം ചെയ്യപ്പെട്ട ഒരു പ്രദേശം ആർജ്ജിക്കുവാനുള്ള അധികാരം.
(1894-ലെ 1)

## പുരാവസ്തു സംബന്ധമായ ഉൽഖനനം

21. പുരാവസ്തു സംബന്ധിച്ച ഒരു ഉദ്യോഗസ്ഥനോ, ഇതിലേക്കായി അയാൾ അധികാരപ്പെടുത്തിയിട്ടുള്ള ഒരു ഉദ്യോഗസ്ഥനോ, ഈ ആക്റ്റ്പ്രകാരം ഇതിലേക്കായി നൽകപ്പെട്ടിട്ടുള്ള ഒരു ലൈസൻസ് കൈവശമുള്ള ഏതെങ്കിലും ആൾക്കോ (ഇതിനുശേഷം ലൈസൻസുകാരൻ എന്നു പരാമർശിക്കപ്പെട്ടിരിക്കുന്നു) കളക്ടർക്കും, ഉടമസ്ഥനും രേഖാമൂലമായ നോട്ടീസ് നൽകിയതിനുശേഷം സംരക്ഷണം ചെയ്യപ്പെട്ട ഏതെങ്കിലും പ്രദേശത്ത് പ്രവേശിക്കുകയും, ഉൽഖനനം നടത്തുകയും ചെയ്യാവുന്നതാണ്.

സംരക്ഷണം ചെയ്യപ്പെട്ട പ്രദേശങ്ങളിലെ ഉൽഖനനം.

22. സംരക്ഷണം ചെയ്യപ്പെട്ട ഒരു പ്രദേശമല്ലാത്ത ഏതെങ്കിലും പ്രദേശത്ത്, ചരിത്രപരമോ, പുരാവസ്തു സംബന്ധമോ ആയ പ്രാധാന്യമുള്ള നാശാവശിഷ്ടങ്ങളോ ശേഷിപ്പുകളോ ഉള്ളതായി വിശ്വസിക്കുവാൻ പുരാവസ്തു സംബന്ധിച്ച ഒരു ഉദ്യോഗസ്ഥന് കാരണമുണ്ടെങ്കിൽ, അയാൾക്കോ, അയാൾ ഇതിലേക്ക് അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥനോ, കളക്ടർക്കും ഉടമസ്ഥനും രേഖാമൂലമായ നോട്ടീസ് നൽകിയതിനുശേഷം, ആ പ്രദേശത്ത് പ്രവേശിക്കുകയും ഉൽഖനനം നടത്തുകയും ചെയ്യാവുന്നതാണ്.

സംരക്ഷണം ചെയ്യപ്പെട്ട പ്രദേശങ്ങളല്ലാത്ത പ്രദേശങ്ങളിലെ ഉൽഖനനം.

**ഉൽഖനന പ്രവർത്തനങ്ങൾക്കിടയിൽ കണ്ടെത്തുന്ന പൗരാണികാവശിഷ്ടങ്ങൾ, മുതലായവയുടെ നിർബന്ധിതമായ വാങ്ങൽ.**

23. (1) 21-ാം വകുപ്പോ 22-ാം വകുപ്പോ പ്രകാരം ഏതെങ്കിലും പ്രദേശത്ത് നടത്തിയ ഉൽഖനനത്തിന്റെ ഫലമായി, ഏതെങ്കിലും പൗരാണികാവശിഷ്ടങ്ങൾ കണ്ടെത്തുകയാണെങ്കിൽ, അതതു സംഗതിപോലെ, പുരാവസ്തു സംബന്ധിച്ച ഉദ്യോഗസ്ഥനോ, ലൈസൻസുകാരനോ.—

(ക) പ്രായോഗികമാകുന്നിടത്തോളം വേഗത്തിൽ, അങ്ങനെയുള്ള പൗരാണികാവശിഷ്ടങ്ങൾ പരിശോധിക്കുകയും നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും, നിർണ്ണയിക്കപ്പെടാവുന്ന വിവരങ്ങൾ അടങ്ങിയതുമായ ഒരു റിപ്പോർട്ട് കേന്ദ്രഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്യേണ്ടതും ;

(ഖ) ഉൽഖനന പ്രവർത്തനങ്ങളുടെ സമാപനത്തിൽ, അങ്ങനെയുള്ള പൗരാണികാവശിഷ്ടങ്ങൾ കണ്ടെടുക്കപ്പെട്ട ഭൂമിയുടെ ഉടമസ്ഥന് അങ്ങനെയുള്ള പൗരാണികാവശിഷ്ടങ്ങളുടെ പ്രകൃതിയെക്കുറിച്ച് രേഖാമൂലമായ ഒരു നോട്ടീസ് നൽകേണ്ടതുമാണ്.

(2) (3)-ാം ഉപവകുപ്പുപ്രകാരം അങ്ങനെയുള്ള ഏതെങ്കിലും പൗരാണികാവശിഷ്ടം നിർബന്ധിതമായി ആർജ്ജിക്കുന്നതിന് ഒരുത്തരവ് പുറപ്പെടുവിക്കുന്നതുവരെ, അതതു സംഗതിപോലെ, പുരാവസ്തു സംബന്ധിച്ച ഉദ്യോഗസ്ഥനോ, ലൈസൻസുകാരനോ അയാൾക്ക് യുക്തമെന്ന് തോന്നാവുന്ന സുരക്ഷിതമായ കസ്റ്റഡിയിൽ അവ സൂക്ഷിക്കേണ്ടതാകുന്നു.

(3) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു റിപ്പോർട്ട് ലഭിച്ചാൽ, കേന്ദ്രഗവൺമെന്റിന്, അങ്ങനെയുള്ള ഏതെങ്കിലും പൗരാണികാവശിഷ്ടങ്ങൾ നിർബന്ധമായി ആർജ്ജിക്കുന്നതിന് ഒരുത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

(4) ഏതെങ്കിലും പൗരാണികാവശിഷ്ടങ്ങൾ നിർബന്ധിതമായി ആർജ്ജിക്കുന്നതിന് (3)-ാം ഉപവകുപ്പുപ്രകാരം ഒരുത്തരവ് പുറപ്പെടുവിച്ചിരിക്കുമ്പോൾ, ഉത്തരവിന്റെ തീയതി മുതലുള്ള പ്രാബല്യത്തോടുകൂടി അങ്ങനെയുള്ള പൗരാണികാവശിഷ്ടങ്ങൾ കേന്ദ്രഗവൺമെന്റിൽ നിക്ഷിപ്തമാകുന്നതാണ്.

**പുരാവസ്തു സംബന്ധമായ ആവശ്യങ്ങൾക്കുള്ള ഉൽഖനനങ്ങൾ മുതലായവ.**

24. സംരക്ഷണം ചെയ്യപ്പെടാത്ത ഏതെങ്കിലും പ്രദേശത്ത് പുരാവസ്തു സംബന്ധമായ ആവശ്യങ്ങൾക്കുള്ള ഏതെങ്കിലും ഉൽഖനനമോ, അതുപോലെയുള്ള മററു പ്രവർത്തനമോ, കേന്ദ്രഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടിയും, ഇതിലേയ്ക്കായി കേന്ദ്രഗവൺമെന്റ് പുറപ്പെടുവിക്കുകയോ നൽകുകയോ ചെയ്യാവുന്ന ഏതെങ്കിലും ചട്ടങ്ങളോ നിദേശങ്ങളോ ഉണ്ടെങ്കിൽ അവയ്ക്കനുസരണമായുമല്ലാതെ, യാതൊരു സ്റേററ് ഗവൺമെന്റും ഏറെറടുക്കുകയോ, ഏറെറടുക്കാൻ ഏതെങ്കിലും ആളെ അധികാരപ്പെടുത്തുകയോ ചെയ്യുവാൻ പാടില്ല.

## പൗരാണികാവശിഷ്ടങ്ങളുടെ സംരക്ഷണം

**പൗരാണികാവശിഷ്ടങ്ങൾ മാററുന്നത് നിയന്ത്രിക്കുന്നതിന് കേന്ദ്രഗവൺമെന്റിനുള്ള അധികാരം.**

25. (1) ഏതെങ്കിലും പൗരാണികാവശിഷ്ടങ്ങളോ, പൗരാണികാവശിഷ്ടങ്ങളുടെ വിഭാഗമോ അവ ഏതു സ്ഥലത്താണോ, ആ സ്ഥലത്തുനിന്ന് കേന്ദ്രഗവൺമെന്റിന്റെ അനുമതികൂടാതെ മാററുവാൻ പാടില്ല എന്ന് കേന്ദ്രഗവൺമെന്റ് കരുതുന്നപക്ഷം, കേന്ദ്രഗവൺമെന്റിന്, ഔദ്യോഗികഗസററിൽ പരസ്യം മുഖേന, അങ്ങനെയുള്ള ഏതെങ്കിലും പൗരാണികാവശിഷ്ടമോ, അങ്ങനെയുള്ള പൗരാണികാവശിഷ്ടങ്ങളുടെ ഏതെങ്കിലും വിഭാഗമോ, ഡയറക്ടർ ജനറലിന്റെ രേഖാമൂലമായ അനുവാദത്തോടുകൂടിയല്ലാതെ മാററുവാൻ പാടില്ല എന്ന് നിദേശിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം അനുവാദത്തിനുള്ള ഓരോ അപേക്ഷയും നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലായിരിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന വിവരങ്ങൾ അതിൽ അടങ്ങിയിരിക്കേണ്ടതുമാകുന്നു.

(3) അനുവാദം നിഷേധിച്ചുകൊണ്ടുള്ള ഒരുത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതെങ്കിലും ആൾക്ക് കേന്ദ്രഗവൺമെന്റിൽ അപ്പീൽ ബോധിപ്പിക്കാവുന്നതും, കേന്ദ്രഗവൺമെന്റിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

**പൗരാണികാവശിഷ്ടങ്ങൾ കേന്ദ്രഗവൺമെന്റു വാങ്ങുന്നത്.**

26. (1) 25-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഒരു വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും പൗരാണികാവശിഷ്ടം നശിക്കപ്പെടുകയോ, നീക്കം ചെയ്യപ്പെടുകയോ, ക്ഷതപ്പെടുകയോ, ദുരുപയോഗപ്പെടുത്തപ്പെടുകയോ, നശിച്ചുപോകുവാനനുവദിക്കപ്പെടുകയോ ചെയ്യത്തക്ക അപകടത്തിലാണെന്ന് കേന്ദ്രഗവൺമെന്റിന് ആശങ്കയുള്ളപക്ഷമോ, അതിന്റെ ചരിത്രപരവും പുരാവസ്തുസംബന്ധവുമായ പ്രാധാന്യം കാരണം അങ്ങനെയുള്ള പൗരാണികാവശിഷ്ടം ഒരു പൊതുസ്ഥലത്ത് സൂക്ഷിക്കുന്നത് അഭികാമ്യമെന്ന് അതിന് അഭിപ്രായമുള്ളപക്ഷമോ, കേന്ദ്രഗവൺമെന്റിന് അങ്ങനെയുള്ള പൗരാണികാവശിഷ്ടം നിർബന്ധിതമായി അതിനെ ആർജ്ജിക്കുവാൻ ഒരുത്തരവ് പുറപ്പെടുവിക്കാവുന്നതും, അതിൻമേൽ കളക്ടർ, ആർജ്ജിക്കുവാനുള്ള പൗരാണികാവശിഷ്ടങ്ങളുടെ ഉടമസ്ഥന് നോട്ടീസ് നൽകേണ്ടതുമാകുന്നു.

(2) ഏതെങ്കിലും പൗരാണികാവശിഷ്ടം സംബന്ധിച്ച് നിർബന്ധിതമായ ആർജ്ജിക്കലിന് ഒരു നോട്ടീസ് (1)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിച്ചിട്ടുള്ളിടത്ത് അങ്ങനെയുള്ള പൗരാണികാവശിഷ്ടം നോട്ടീസിന്റെ തീയതി മുതലുള്ള പ്രാബല്യത്തോടുകൂടി കേന്ദ്രഗവൺമെന്റിൽ നിക്ഷിപ്തമാകുന്നതാണ്.

(3) ഈ വകുപ്പിനാൽ നൽകപ്പെട്ട നിർബന്ധിതമായി ആർജ്ജിക്കുന്നതിനുള്ള അധികാരം മതപരമായ അനുഷ്ഠാനങ്ങൾക്ക് ഉത്തമവിശ്വാസത്തോടുകൂടി യഥാർത്ഥത്തിൽ ഉപയോഗിക്കുന്ന ഏതെങ്കിലും രൂപത്തിനോ, ചിഹ്നത്തിനോ ബാധകമാകുന്നതല്ല.

## പ്രതിഫലത്തിന്റെ തത്വങ്ങൾ

നഷ്ടത്തിനോ നാശനഷ്ടത്തിനോ ഉള്ള പ്രതിഫലം.

27. വസ്തുവിന്റെ ഏതെങ്കിലും ഉടമസ്ഥനോ, കൈവശക്കാരനോ, അങ്ങനെയുള്ള ഭൂമിയിലുള്ള ഏതെങ്കിലും പ്രവേശനമോ, ഉൽഖനനങ്ങളോ, ഈ ആക്റ്റു നൽകുന്ന മറ്റേതെങ്കിലും അധികാരത്തിന്റെ പ്രയോഗമോ കാരണം ഏതെങ്കിലും നഷ്ടമോ, നാശനഷ്ടമോ, വസ്തുവിൽനിന്നുള്ള ആദായത്തിൽ ഏതെങ്കിലും കുറവോ നേരിട്ടിട്ടുള്ള, അങ്ങനെയുള്ള നഷ്ടത്തിനോ, നാശനഷ്ടങ്ങൾക്കോ, ആദായത്തിന്റെ കുറവിനോ, കേന്ദ്രഗവൺമെന്റ് പ്രതിഫലം നൽകേണ്ടതാണ്.

പ്രതിഫലത്തിന്റെ കമ്പോളവില കണക്കാക്കൽ.
(1894-ലെ 1)

28. (1) ഈ ആക്റ്റുപ്രകാരം, കേന്ദ്രഗവൺമെന്റിനെ, അങ്ങനെയുള്ള വിലയ്ക്ക് വാങ്ങുവാൻ അധികാരപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും വസ്തുവിന്റെ കമ്പോളവിലയോ, ഈ ആക്റ്റുപ്രകാരം ചെയ്യപ്പെട്ട ഏതെങ്കിലും സംബന്ധിച്ച് കേന്ദ്രഗവൺമെന്റ് നൽകേണ്ടതായ പ്രതിഫലമോ, അങ്ങനെയുള്ള കമ്പോളവിലയോ, പ്രതിഫലമോ സംബന്ധിച്ച് ഏതെങ്കിലും തർക്കം ഉണ്ടാകുന്നിടത്ത്, ഭൂമി ആർജ്ജന ആക്റ്റ്, 1894- 3-ം, 5-ം 8 മുതൽ 34 വരെയും 45 മുതൽ 47 വരെയും 51-ം 52-ം വകുപ്പുകളിൽ, അവ ബാധകമാക്കാവുന്നിടത്തോളം വ്യവസ്ഥചെയ്തിരിക്കുന്ന രീതിയിൽ തിട്ടപ്പെടുത്തേണ്ടതാകുന്നു:

എന്നാൽ പ്രസ്തുത ഭൂമി ആർജ്ജന ആക്റ്റുപ്രകാരം ഒരന്വേഷണം നടത്തുമ്പോൾ, കളക്ടർ രണ്ടു അസ്സസ്സർമാരാൽ സഹായിക്കപ്പെടേണ്ടതാകുന്നു—അവരിൽ ഒരു അസ്സസ്സർ കേന്ദ്രഗവൺമെന്റ് നാമനിർദ്ദേശം ചെയ്യുന്ന ക്ഷമതയുള്ള ഒരാളും, ഒരു അസ്സസ്സർ ഉടമസ്ഥൻ നാമനിർദ്ദേശം ചെയ്യുന്ന ആളും, അല്ലെങ്കിൽ കളക്ടർ ഇതിലേയ്ക്ക് നിശ്ചയിക്കാവുന്ന ന്യായമായ സമയത്തിനുള്ളിൽ ഒരു അസ്സസ്സറെ നാമനിർദ്ദേശം ചെയ്യുന്നതിൽ ഉടമസ്ഥൻ വീഴ്ച വരുത്തിയാൽ കളക്ടർ, നാമനിർദ്ദേശം ചെയ്ത ഒരാളും ആയിരിക്കേണ്ടതാണ്.

(2) 23-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരമോ 26-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരമോ നിർബന്ധമായി ആർജ്ജിക്കുവാൻ ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ള ഏതൊരു പൗരാണികാവശിഷ്ടത്തിനും പ്രതിഫലം കൊടുക്കേണ്ടതും പൗരാണികാവശിഷ്ടങ്ങളും കലാസമ്പത്തുകളും ആക്റ്റ്, 1972, 20-ം 22-ം വകുപ്പുകളിലെ വ്യവസ്ഥകൾ ആകുന്നിടത്തോളം അങ്ങനെയുള്ള പ്രതിഫലം നിശ്ചയിക്കുന്നതും നൽകുന്നതും സംബന്ധിച്ച്, ആ ആക്റ്റ് 19-ാം വകുപ്പുപ്രകാരം നിർബന്ധമായി ആർജ്ജിച്ച ഏതെങ്കിലും പൗരാണികാവശിഷ്ടത്തിനോ കലാസമ്പത്തിനോ പ്രതിഫലം നിശ്ചയിക്കുകയും നൽകുകയും ചെയ്യുന്നതു സംബന്ധിച്ച് അവ ബാധകമാകുന്നതുപോലെ ബാധകമാകുന്നതാണ്.

### പലവക

അധികാരങ്ങളുടെ പ്രത്യായോജനം.

29. കേന്ദ്രഗവൺമെന്റിന്, ഔദ്യോഗികഗസററിലെ വിജ്ഞാപനം മുഖേന, ഈ ആക്റ്റിൻകീഴിലോ, ആക്റ്റിനാലോ അതിന് നൽകപ്പെട്ടിരിക്കുന്ന ഏതെങ്കിലും അധികാരങ്ങൾ, നിദേശത്തിൽ വിനിർദ്ദേശിക്കാവുന്ന ഉപാധികൾക്ക് വിധേയമായി, നിദേശത്തിൽ വിനിർദ്ദിഷ്ടമാകാവുന്ന—

(ക) കേന്ദ്രഗവൺമെന്റിന്റെ കീഴിലുള്ള ഉദ്യോഗസ്ഥനോ, അധികാരസ്ഥാനത്തിനോ,

(ഖ) സ്റ്റേറ്റ് ഗവൺമെന്റിനോ സ്റ്റേറ്റ് ഗവൺമെന്റിൻ കീഴിലുള്ള ഉദ്യോഗസ്ഥനോ അധികാരസ്ഥാനത്തിനോ, കൂടി പ്രയോഗിക്കാവുന്നതാണെന്ന് നിദേശിക്കാവുന്നതാണ്.

ദണ്ഡനങ്ങൾ

30. (i) സംരക്ഷണം ചെയ്യപ്പെട്ട ഒരു സ്മാരകം നശിപ്പിക്കുകയോ, നീക്കം ചെയ്യുകയോ, ക്ഷതപ്പെടുത്തുകയോ, രൂപഭേദപ്പെടുത്തുകയോ, വിരൂപപ്പെടുത്തുകയോ അപായപ്പെടുത്തുകയോ ദുരുപയോഗപ്പെടുത്തുകയോ,

(ii) സംരക്ഷണം ചെയ്യപ്പെട്ട ഒരു സ്മാരകത്തിന്റെ ഉടമസ്ഥനോ, കൈവശക്കാരനോ, ആയിരിക്കെ 9-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരമോ, 10-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരമോ പുറപ്പെടുവിച്ച ഒരുത്തരവ് ഉല്ലംഘിക്കുകയോ,

(iii) സംരക്ഷണം ചെയ്യപ്പെട്ട ഒരു സ്മാരകത്തിൽനിന്നും ഏതെങ്കിലും ശിൽപ്പമോ, കൊത്തുപണിയോ, രൂപമോ ഉപരിതലത്തിൽനിന്നും പൊന്തിനിൽക്കുന്ന കൊത്തുപണിയോ, ശിലാലേഖനമോ, അതുപോലെയുള്ള മററു വസ്തുവോ നീക്കം ചെയ്യുകയോ,

(iv) 19-ാം വകുപ്പ് (1)-ാം ഉപവകുപ്പ് ഉല്ലംഘിച്ചുകൊണ്ട് ഏതെങ്കിലും പ്രവൃത്തി ചെയ്യുകയോ, ചെയ്യുന്ന ഏതൊരാളും മൂന്നുമാസത്തോളമാകാവുന്ന കാലത്തെ തടവോ, അയ്യായിരം രൂപയോളമാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടാവുന്നതാകുന്നു.

(2) 25-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിച്ച ഒരു വിജ്ഞാപനം ഉല്ലംഘിച്ചുകൊണ്ട് ഏതെങ്കിലും പൗരാണികാവശിഷ്ടം മാററുന്ന ഏതെങ്കിലും ആൾ, അയ്യായിരം രൂപയോളമാകാവുന്ന പിഴനൽകി ശിക്ഷിക്കപ്പെടാവുന്നതും; അങ്ങനെയുള്ള ഏതെങ്കിലും ഉല്ലംഘനത്തിന് ഒരാളിൽ കുററം സ്ഥാപിക്കുന്ന കോടതിക്ക് അങ്ങനെയുള്ള ആളോട് ആ പൗരാണികാവശിഷ്ടം അത് ഏതു് സ്ഥലത്തുനിന്നു മാററിയോ ആ സ്ഥലത്ത് തിരികെ വയ്ക്കുന്നതിന് ഉത്തരവു മുഖേന നിദേശിക്കാവുന്നതും ആണ്.

*കുററങ്ങൾ വിചാരണ ചെയ്യുന്നതിനുള്ള അധികാരിത.*

31. ഈ ആക്റ്റുപ്രകാരമുള്ള ഏതെങ്കിലും കുററം, ഒരു പ്രസിഡൻസി മജിസ്ട്രേററ്റിൻേറയോ, ഒരു ഒന്നാംക്ലാസ് മജിസ്ട്രേട്ടിൻെറയോ താഴെയുള്ള യാതൊരു കോടതിയും വിചാരണചെയ്യാൻ പാടില്ല.

*ചില കുററങ്ങൾ പോലീസിന് നേരിട്ട് എടുക്കാവുന്നത് ആയിരിക്കുമെന്ന്.*

*1898-ലെ 5*

32. ക്രമിനിൽ നടപടി നിയമസംഹിത 1898 -ലെ എന്തുതന്നെ അടങ്ങിയിരുന്നാലും 30-ാം വകുപ്പ് (1)-ാം ഉപവകുപ്പ്, (i)-ാം ഖണ്ഡമോ, (iii)-ാം ഖണ്ഡമോ പ്രകാരമുള്ള ഒരു കുററം, ആ നിയമസംഹിതയുടെ അർത്ഥത്തിലുള്ള പോലീസിനു നേരിട്ട് എടുക്കാവുന്ന ഒരു കുററമായി കരുതപ്പെടേണ്ടതാകുന്നു.

*പിഴ സംബന്ധിച്ച പ്രത്യേക വ്യവസ്ഥ.*

*1898-ലെ 5*

33. ക്രിമിനൽ നടപടി നിയമസംഹിത, 1898 32-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റുപ്രകാരം രണ്ടായിരം രൂപയിൽ കൂടുതൽ പിഴനൽകി ശിക്ഷിക്കപ്പെടാവുന്ന ഒരു കുററത്തിന് കുററസ്ഥാപനം ചെയ്യപ്പെട്ട ഏതെങ്കിലും ആരാക്കെതിരെ, രണ്ടായിരം രൂപയിൽ കൂടുതലുള്ള പിഴയുടെ ഒരു ശിക്ഷാവിധി സ്റേററു ഗവൺമെൻറ് ഇതിലേയ്ക്ക് പ്രത്യേകമായി അധികാരപ്പെടുത്തിയ ഏതെങ്കിലും ഒന്നാംക്ലാസ് മജിസ്ട്രേട്ടോ, ഏതെങ്കിലും പ്രസിഡൻസി മജിസ്ട്രേട്ടോ, പാസ്സാക്കുന്നത് നിയമപരമായിരിക്കുന്നതാകുന്നു.

*ഗവൺമെൻറിന് കിട്ടേണ്ട തുകകൾ വസൂലാക്കൽ.*

34. ഈ ആക്റ്റുപ്രകാരം ഗവൺമെൻറിന് ഏതെങ്കിലും ആളിൽനിന്നും കിട്ടേണ്ടതായ ഏതെങ്കിലും തുക, ഡയറക്ടർ—ജനറലോ, ഇതിലേയ്ക്കായി അദ്ദേഹം അധികാരപ്പെടുത്തുന്ന പുരാവസ്തു സംബന്ധിച്ച ഒരുദ്യോഗസ്ഥനോ പുറപ്പെടുവിക്കുന്ന ഒരു സർട്ടിഫിക്കററിൻമേൽ, ഭൂനികുതിക്കുടിശ്ശികയെന്നപോലെ അതെ രീതിയിൽ വസൂലാക്കാവുന്നതാണ്.

*ദേശീയപ്രാധാന്യമില്ലാതായിത്തീർന്ന പൗരാണികസ്മാരകങ്ങൾ, മുതലായവ.*

35. ഈ ആക്റ്റിനാലോ, ആക്റ്റിൻകീഴിലോ ദേശീയ പ്രാധാന്യമുള്ളവയെന്ന് പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും പൗരാണികവും ചരിത്രപരവുമായ സ്മാരകമോ, പുരാവസ്തു സംബന്ധിച്ച സ്ഥാനവും, അവശിഷ്ടങ്ങളുമോ ദേശീയപ്രാധാന്യമില്ലാത്തവയായിത്തീർന്നിരിക്കുന്നുവെന്ന് കേന്ദ്രഗവൺമെൻറിന് അഭിപ്രായമുള്ളപക്ഷം, അതിന്, ഔദ്യോഗികഗസററിൽ വിജ്ഞാപനം മുഖേന, അതതുസംഗതിപോലെ, പൗരാണികവും ചരിത്രപരവുമായ സ്മാരകമോ, പുരാവസ്തുസംബന്ധിച്ച സ്ഥാനവും, അവശിഷ്ടങ്ങളുമോ, ഈ ആക്റ്റിൻെറ ആവശ്യങ്ങൾക്ക്, ദേശീയ പ്രാധാന്യമില്ലാത്തവയായിത്തീർന്നിരിക്കുന്നു എന്ന് പ്രഖ്യാപിക്കാവുന്നതാണ്.

*പിശകുകൾ മുതലായവ തിരുത്തുന്നതിനുള്ള അധികാരം.*

36. ഈ ആക്റ്റിനാലോ, ആക്റ്റിൻകീഴിലോ ദേശീയപ്രാധാന്യമുള്ളവയെന്ന് പ്രഖ്യാപിച്ചിട്ടുള്ള ഏതെങ്കിലും പൗരാണികസ്മാരകത്തിൻെറയോ, പുരാവസ്തു സംബന്ധിച്ച സ്ഥാനത്തിൻെറയും അവശിഷ്ടങ്ങളുടെയുമോ വിവരണത്തിലുള്ള ഏതെങ്കിലും, കൈപ്പിശകോ, സ്പഷ്ടമായതെററോ, ആകസ്മികമായ തെററോ വീഴ്ചയോ കൊണ്ടുണ്ടാകുന്ന പിശകോ, കേന്ദ്രഗവൺമെൻറിന്, ഔദ്യോഗികഗസററിൽ വിജ്ഞാപനം മുഖേന, ഏതു സമയത്തും തിരുത്താവുന്നതാണ്.

*ആക്റ്റിൻകീഴിൽ എടുക്കപ്പെട്ട നടപടിയ്ക്ക് സംരക്ഷണം.*

37. ഈ ആക്റ്റിനാൽ നൽകപ്പെട്ട ഏതെങ്കിലും അധികാരത്തിൻെറ പ്രയോഗത്തിൽ ചെയ്തതോ ഉത്തമവിശ്വാസത്തിൽ ചെയ്യുവാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും പ്രവൃത്തി സംബന്ധിച്ച പ്രതിഫലത്തിനുള്ള യാതൊരു വ്യവഹാരവും, യാതൊരു ക്രിമിനൽ നടപടിയും ഏതെങ്കിലും പബ്ലിക് സർവൻറിനെതിരെ എടുക്കാവുന്നതല്ല.

*ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം*

38. (1) കേന്ദ്രഗവൺമെൻറിന്, ഔദ്യോഗികഗസററിൽ വിജ്ഞാപനം മുഖേനയും, മുൻകൂട്ടി പ്രസിദ്ധീകരിക്കണമെന്നു ഉപാധിക്കു വിധേയമായും, ഈ ആക്റ്റിൻെറ ഉദ്ദേശങ്ങൾ നിറവേററുന്നതിന്, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മേൽപറഞ്ഞ അധികാരത്തിൻെറ സാമാന്യതയ്ക്ക് ഭംഗംവരാത്തവിധവും, അങ്ങനെയുള്ള ചട്ടങ്ങൾ താഴെപ്പറയുന്ന സംഗതികളിൽ എല്ലാത്തിനുമോ, ഏതിനെങ്കിലുമോ, വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) സംരക്ഷണം ചെയ്യപ്പെട്ട ഒരു സ്മാരകത്തിനു സമീപം ഖനനം ചെയ്യുകയോ, കല്ലുവെട്ടുകയോ, ഉൽഖനനം ചെയ്യുകയോ, പാറപൊട്ടിക്കുകയോ അതേ സ്വഭാവത്തിലുള്ള ഏതെങ്കിലും പ്രവർത്തനമോ, അങ്ങനെയുള്ള സ്മാരകത്തിനു തൊട്ടുകിടക്കുന്ന ഭൂമിയിൽ കെട്ടിടങ്ങൾ കെട്ടുന്നതോ നിരോധിക്കുകയോ അല്ലെങ്കിൽ ലൈസൻസു നൽകിയോ മററു വിധത്തിലോ നിയന്ത്രിക്കുകയോ ചെയ്യലും അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളുടെ നീക്കം ചെയ്യലും,

(ഖ) സംരക്ഷണം ചെയ്യപ്പെട്ട പ്രദേശങ്ങളിൽ പുരാവസ്തു സംബന്ധമായ ആവശ്യങ്ങൾക്ക് ഉൽഖനനം നടത്തുവാനുള്ള ലൈസൻസുകളും അനുവാദങ്ങളും കൊടുക്കലും; അങ്ങനെയുള്ള ലൈസൻസുകൾ ഏത് അധികാരസ്ഥാനങ്ങളാലും, ഏത് നിയന്ത്രണങ്ങൾക്കും ഉപാധികൾക്കും വിധേയമായും നൽകാമെന്നുള്ളതും, ലൈസൻസുള്ളവരിൽനിന്ന് സെക്യൂരിററികൾ വാങ്ങലും അങ്ങനെയുള്ള ലൈസൻസുകൾക്ക് ഈടാക്കേണ്ട ഫീസുകളും;

(ഗ) സംരക്ഷണം ചെയ്യപ്പെട്ട ഒരു സ്മാരകത്തിൽ പൊതുജനങ്ങളുടെ പ്രവേശനവും അതിന് ഈടാക്കേണ്ട ഫീസ് ഏതെങ്കിലുമുണ്ടെങ്കിൽ അതും;

(ഘ) 23-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ക) ഖണ്ഡപ്രകാരം പുരാവസ്തുസംബന്ധിച്ച ഒരുദ്യോഗസ്ഥന്റെയോ, ഒരു ലൈസൻസുള്ള ആളിന്റേയോ റിപ്പോർട്ടിന്റെ ഫാറവും, ഉള്ളടക്കവും ;

(ങ) 19-ാം വകുപ്പോ, 25-ാം വകുപ്പോ പ്രകാരം അനുവാദത്തിനുള്ള അപേക്ഷകൾ സമർപ്പിക്കേണ്ട ഫാറവും, അവയിലടങ്ങിയിരിക്കേണ്ട വിവരങ്ങളും ;

(ച) ഈ ആക്റ്റുപ്രകാരമുള്ള അപ്പീലുകൾ സമർപ്പിക്കേണ്ട ഫാറവും രീതിയും, അവ ഏതു സമയത്തിനുള്ളിൽ സമർപ്പിക്കണമെന്നും ;

(ഛ) ഈ ആക്റ്റുപ്രകാരമുള്ള ഏതെങ്കിലും ഉത്തരവോ, നോട്ടീസോ നടത്തേണ്ട രീതി ;

(ജ) പുരാവസ്തുസംബന്ധിച്ച ആവശ്യങ്ങൾക്ക് ഉള്ള ഉൽഖനനങ്ങളും അതുപോലുള്ള മററുപ്രവർത്തനങ്ങളും നടത്തേണ്ട രീതി ;

(ഝ) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറേറതെങ്കിലും സംഗതി.

(3) ഈ വകുപ്പ്പ്രകാരം ഉണ്ടാക്കിയ ഏതെങ്കിലും ചട്ടം, അതിന്റെ ഒരു ലംഘനത്തിന്,—

(i) (2)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തെ പരാമർശിച്ച് ഉണ്ടാക്കിയ ഒരു ചട്ടത്തിന്റെ സംഗതിയിൽ, മൂന്നുമാസത്തോളമാകാവുന്ന കാലത്തെ തടവോ, അയ്യായിരം രൂപയോളമാകാവുന്ന പിഴയോ, അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകിയും

(ii) (2)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തെ പരാമർശിച്ചുണ്ടാക്കിയ ഒരു ചട്ടത്തിന്റെ സംഗതിയിൽ, അയ്യായിരം രൂപയോളമാകാവുന്ന പിഴ നൽകിയും ;

(iii) (2)-ാം ഉപവകുപ്പ് (ഗ) ഖണ്ഡത്തെ പരാമർശിച്ചുണ്ടാക്കിയ ഒരു ചട്ടത്തിന്റെ സംഗതിയിൽ, അഞ്ഞൂറു രൂപയോളമാകാവുന്ന പിഴ നൽകിയും ; ശിക്ഷിക്കപ്പെടാവുന്നതാണെന്ന് വ്യവസ്ഥചെയ്യാവുന്നതാണ്.

(4) ഈ വകുപ്പുപ്രകാരം ഉണ്ടാക്കിയ എല്ലാ ചട്ടങ്ങളും, അവ ഉണ്ടാക്കിയിട്ടു കഴിയുന്നതും വേഗത്തിൽ പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ മുപ്പതുദിവസത്തിൽ കുറയാതെ വയ്ക്കേണ്ടതും, അവ അപ്രകാരം വയ്ക്കുന്ന സമ്മേളനത്തിലോ, അതിനുതൊട്ടു പിന്നീടുള്ള സമ്മേളനത്തിലോ പാർലമെന്റ് ഉണ്ടാക്കാവുന്ന രൂപഭേദപ്പെടുത്തലുകൾക്ക് വിധേയമായിരിക്കുന്നതുമാണ്.

39. (1) പുരാതനവും ചരിത്രപരവുമായ സ്മാരകങ്ങളും പുരാവസ്തു സംബന്ധമായ സ്ഥാനങ്ങളും അവശിഷ്ടങ്ങളും (ദേശീയപ്രാധാന്യപ്രഖ്യാപന) ആക്റ്റ്, 1951 (1951-ലെ 71)-ം, സംസ്ഥാന പുനഃസംഘടന ആക്റ്റ് 1956 (1956-ലെ 37) 126-ാം വകുപ്പും ഇതിനാൽ റദ്ദാക്കിയിരിക്കുന്നു. *റദ്ദാക്കലുകളും ഒഴിവാക്കലുകളും 1956-ലെ 37*

(2) പുരാതനസ്മാരകങ്ങൾ നിലനിറുത്തൽ ആക്റ്റ്, 1904 *(1904-ലെ 7)* ഈ ആക്റ്റിനാലോ, ആക്റ്റുപ്രകാരമോ, ദേശീയ പ്രാധാന്യമുള്ളവയെന്ന് പ്രഖ്യാപിച്ചിട്ടുള്ള പുരാതനവും ചരിത്രപരവുമായ സ്മാരകങ്ങളും, പുരാവസ്തു സംബന്ധിച്ച ആസ്ഥാനങ്ങളും അവശിഷ്ടങ്ങളും സംബന്ധിച്ച്, ഈ ആക്റ്റിന്റെ പ്രാരംഭത്തിനുമുമ്പ് ചെയ്യപ്പെട്ടതോ, ചെയ്യപ്പെടുവാൻ വിട്ടുപോയതോ ആയ സംഗതികളിലൊഴികെ, പ്രഭാവശൂന്യമായിത്തീരുന്നതാണ്.

---